

9
2024
മേയ്
വ്യാഴം
മേടം 26

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.180 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-180 | പേജ് 4. വില 2.00 രൂപ

02 ഡോക്ടർ വന്ദനാദാസിൻെറ വേർപാടിന് ഒരാണ്ട്
03 കെപിസിസി അധ്യക്ഷ സ്ഥാനം വീണ്ടും ഏറ്റെടുത്ത് കെ. സുധാകരൻ
04 കേജരിവാളിൻെറ ജാമ്യ ഹർജിയിൽ കോടതി വെള്ളിയാഴ്ച ഉത്തരവിറക്കും



## ബിലീവേഴ്സ് ചർച്ച് ഈസ്റ്റേൺ സഭാധ്യക്ഷൻ മാർ അത്തനേഷ്യസ് യോഹാൻ കാലം ചെയ്തു

പത്തനംതിട്ട : ബിലീവേഴ്സ് ചർച്ച് ഇസ്റ്റേൺ സഭാധ്യക്ഷൻ മാർ അത്തനേഷ്യസ് യോഹാൻ (74) കാലം ചെയ്തു. യുഎസിലെ ടെക്സസിലുള്ള ഡാലസിൽ പ്രഭാതസവാരിക്കിടെയുണ്ടായ വാഹനാപകടത്തിൽ ഗുരുതരമായി പരുക്കേറ്റ് ചികിത്സയിലായിരുന്നു. പെട്ടെന്നുള്ള ഹൃദയാഘാതമാണ് മരണകാരണമെന്ന് ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് ഔദ്യോഗിക വാർത്താക്കുറിപ്പിൽ അറിയിച്ചു.

തിരുവല്ല താലൂക്കിലെ നിരണം കടപ്പിയാരിൽ കുടുംബാംഗമായ മാർ അത്തനേഷ്യസ് യോഹാൻ, ഗോസ്പൽ ഫോർ ഏഷ്യ എന്ന സംഘടനയുടെ സ്ഥാപക മേധാവിയായി തിരുവല്ലയിലാണ് പ്രവർത്തനമാരംഭിക്കുന്നത്. മാർത്തോമ്മാ സഭയിലായിരുന്ന മാർ അത്തനേഷ്യസ് യോഹാൻ, സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം സുവിശേഷവേലയിലേക്കു തിരിഞ്ഞു. 1966 മുതൽ ഓപ്പറേഷൻ മൊബൈലൈസേഷൻ എന്ന സംഘടനയിൽ ചേർന്നു വിവിധ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ സുവിശേഷ പ്രവർത്തകനായി. 1974ൽ അമേരിക്കയിൽ ദൈവശാസ്ത്രപഠനത്തിനായി പോയി. മുൻപേ പരിചയമുണ്ടായിരുന്ന ജർമൻ സുവിശേഷകയായ ഗിസിലയെ ഇതിനിടെ ജീവിതപങ്കാളിയായി സ്വീകരിച്ചു.

1979ൽ അമേരിക്കയിലായിരിക്കേ തന്നെ ഗോസ്പൽ ഫോർ ഏഷ്യ എന്ന സുവിശേഷ പ്രചാരണ സംഘടനയ്ക്കു രൂപം നൽകി. അധികം വൈകാതെ കേരളത്തിൽ തിരിച്ചെത്തി. ആത്മീയയാത്ര റേഡിയോ പ്രഭാഷണ പരമ്പരയിലൂടെ ശ്രദ്ധേയനായി. 1990ൽ സ്വന്തം സഭയായ ബിലീവേഴ്സ് ചർച്ചിനു രൂപം നൽകി. 2003ൽ സ്ഥാപക ബിഷപ്പായി. മോറാൻ മോർ അത്തനേഷ്യസ് യോഹാൻ എന്ന പേര് സ്വീകരിച്ച അദ്ദേഹം, ക്രൈസ്തവ സഭാ നേതൃത്വത്തിലേക്ക് ഉയർന്നത് അടുത്ത കാലത്താണ്.

തിരുവല്ല കുറ്റപ്പുഴ ആസ്ഥാനമായ ബിലീവേഴ്സ് സഭയോടു ചേർന്ന് ബിലീവേഴ്സ് മെഡിക്കൽ കോളജ് ആശുപത്രി സ്ഥാപിച്ചു. 52 ബൈബിൾ കോളജുകൾ ഉൾപ്പെടെ നൂറിലേറെ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരംഭിച്ചു. തിരുവല്ലയിൽ 200 ഏക്കർ സ്ഥലത്ത് ജൈവോദ്യാനം സ്ഥാപിച്ചു. മുന്നൂറോളം പുസ്തകങ്ങൾ രചിച്ചു. അടുത്ത കാലത്തായി ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് എന്ന പുനർനാമകരണം ചെയ്തിനു പിന്നിൽ പൗരസ്ത്യ ക്രൈസ്തവ ആരാധനാക്രമത്തോടുള്ള അദ്ദേഹത്തിന്റെ മതിപ്പും ആദരവുമാണ് പ്രതിഫലിക്കുന്നത്.

ക്രിസ്തുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരെ അനുസ്മരിപ്പിക്കുന്ന വിധം മെത്രാപ്പൊലീത്ത ഉൾപ്പെടെ 12 ബിഷപ്പുമാരാണ് ബിലീവേഴ്സ് സഭയുടെ കേരളത്തിലെ വിവിധ ഭാഗങ്ങളിലെ ഭദ്രാസനങ്ങൾക്കു നേതൃത്വം നൽകുന്നത്. യുഎസിലും കാനഡയിലും യുകെയിലും ഓസ്ട്രേലിയയിലുമായി ഏകദേശം 900 റേഡിയോ സ്റ്റേഷനുകളിലൂടെ പ്രക്ഷേപണം നടത്തുന്ന യാഥാർഥ്യത്തിലേക്കുള്ള വഴി എന്ന റോഡ് ടു റിയാലിറ്റി ശ്രദ്ധേയമായ പ്രവർത്തനമാണ്.

### കൊച്ചിയിലും ഇടുക്കിയിലും കനത്ത മഴ
## വീടുകൾ തകർന്നു, ട്രെയിൻ ഗതാഗതം രണ്ടര മണിക്കൂറിനു ശേഷം പുനഃസ്ഥാപിച്ചു

കൊച്ചി : എറണാകുളത്തും ഇടുക്കിയിലെ ലോറേഞ്ചിലും ശക്തമായ മഴ. കനത്ത കാറ്റിലും മഴയിലും ഇടപ്പള്ളിയിൽ ഇലക്ട്രിക് കേബിളുകൾ പൊട്ടിയതിനെ തുടർന്ന് താറുമാറായ ട്രെയിൻ ഗതാഗതം രണ്ടര മണിക്കൂറിനു ശേഷം പുനഃസ്ഥാപിച്ചു. എറണാകുളത്തെ വിവിധ സ്ഥലങ്ങളിലായി പിടിച്ചിട്ടിരുന്ന ട്രെയിനുകൾ ഓടിത്തുടങ്ങി.

ജനശതാബ്ദി എക്സ്പ്രസ് രണ്ടര മണിക്കൂർ ഇടപ്പള്ളിക്കു സമീപം പിടിച്ചിട്ടിരുന്നു. വൈകിട്ട് 7.03ന് എറണാകുളം നോർത്തിൽനിന്നു യാത്ര തിരിച്ച് 7.13നാണ് യാത്ര തടസ്സപ്പെട്ടത്. തിരുവനന്തപുരം നിസാമുദ്ദീൻ എക്സ്പ്രസ് രണ്ടുമണിക്കൂർ കളമശ്ശേരിയിൽ പിടിച്ചിട്ടിരുന്നു. ചെന്നൈ മെയിൽ അരമണിക്കൂറിലേറെ എറണാകുളം നോർത്തിന് സമീപം പിടിച്ചിട്ടു. 8.55ന് എറണാകുളം ടൗൺ സ്റ്റേഷനിൽ എത്തേണ്ടിയിരുന്ന യശ്വന്ത്പുർ ഗരീബ്രഥ് ഒരു മണിക്കൂറോളം വൈകിയോടുന്നു. 7.49ന് പുറപ്പെടേണ്ട എറണാകുളം ഗുരുവായൂർ പാസഞ്ചറും വൈകിയാണ് പുറപ്പെട്ടത്. വൈകിട്ട് ആറരയോടെ പെയ്ത മഴയിലും കനത്ത കാറ്റിലും മരങ്ങൾ ഒടിഞ്ഞും കടപുഴകിയും ട്രാക്കുകൾക്ക് സമീപിത്തെ വൈദ്യുത ലൈനുകളിലേക്ക് വീണതാണ് ഇവ പൊട്ടാൻ കാരണം.



ശക്തമായ കാറ്റിലും മഴയിലും കോട്ടയം വൈക്കപ്രയാറിലും കിഴക്കേനടയിലും മരങ്ങൾ വീണു. വൈക്കത്ത് പലയിടത്തും വൈദ്യുതി പോസ്റ്റുകൾ ഒടിഞ്ഞു. നഗരപ്രദേശത്ത് ഉൾപ്പെടെ വൈദ്യുതി നിലച്ചു. ഇടുക്കി തൊടുപുഴയിൽ കനത്ത മഴയിലും ശക്തമായ കാറ്റിലും മരം വീണ് വീട് തകർന്നു. മലയോര മേഖലയിലും ഇടവെട്ടു മഴ പെയ്യുന്നുണ്ട്. കരുണാപുരത്ത് മരം കടപുഴകി വീണു, ആർക്കും പരുക്കില്ല. കൊച്ചിയിൽ കാറ്റിലും മഴയിലും പലയിടങ്ങളിലും ഗതാഗത കുരുക്ക് അനുഭവപ്പെട്ടു.

## കോസ്റ്റൽ പോലീസിന് നേവിയുടെ പരിശീലനം

കൊച്ചി: കടലിനെ അടുത്തറിയാൻ കോസ്റ്റൽ പോലീസിന് നേവിയുടെ പരിശീലന ക്ലാസ്. ഈ മാസം 24, 25 തീയതികളിൽ കൊച്ചിയിലെ നേവൽ ആസ്ഥാനത്താണ് കോസ്റ്റൽ പോലീസ് ഉദ്യോഗസ്ഥർക്കായി ആദ്യഘട്ട ക്ലാസ് നടക്കുന്നത്. ആദ്യ ബാച്ചിൽ അഞ്ച് വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെ 30 പേർ പങ്കെടുക്കും. തുടർന്ന് ഓരോ മാസവും പരിശീലന ക്ലാസ് നടക്കും.

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ തീരസുരക്ഷയുടെ ഭാഗമായി 18 കോസ്റ്റൽ പോലീസ് സ്റ്റേഷനുകളാണുള്ളത്. ഇവിടെയുള്ള 580 കോസ്റ്റൽ പോലീസ് ഉദ്യോഗസ്ഥർക്കും നേവി ക്ലാസ് നൽകും. കോസ്റ്റൽ പോലീസിൻറെ ചരിത്രത്തിൽ ആദ്യമായിട്ടാണ് നേവി ഉദ്യോഗസ്ഥർ പോലീസുകാർക്ക് ക്ലാസ് എടുക്കുന്നത്.

കോസ്റ്റൽ പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനമികവ് മെച്ചപ്പെടുത്തുന്നതിനായാണ് നേവി പരിശീലന ക്ലാസ് ഒരുക്കിയിരിക്കുന്നതെന്ന് കോസ്റ്റൽ പോലീസ് അഡീഷണൽ ഇൻസ്പെക്ടർ ജനറൽ ജി. പൂങ്കുഴലി പറഞ്ഞു.

കടലിലെ കാലാവസ്ഥ മനസിലാക്കൽ, കള്ളക്കടൽ പോലുള്ള വെല്ലുവിളികളെയും കടലിലെ അപകടങ്ങളെയും ഒഴിവാക്കി മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായി മത്സ്യബന്ധനം ചെയ്യുന്നതിനായി അവരെ പ്രാപ്തരാക്കാനുള്ള മാർഗങ്ങളാണ് ക്ലാസിൽ വിശദീകരിക്കുക.

നേവി സിഗ്നൽ സ്കൂളിൻറെ പ്രവർത്തനവും കടലിൽ അപകടങ്ങൾ ഉണ്ടാകുമ്പോഴുള്ള മുന്നറിയിപ്പ് സംവിധാനവുമൊക്കെ നേവി ഉദ്യോഗസ്ഥർ പരിശീലന ക്ലാസിൽ കോസ്റ്റൽ പോലീസുകാരോട് വിശദീകരിക്കും. നേരത്തെ മുഴുവൻ കോസ്റ്റൽ പോലീസ് ഉദ്യോഗസ്ഥർക്കും നീന്തൽ പരീക്ഷ നടത്തിയിരുന്നു.



തിരുവനന്തപുരം ജില്ലയിലെ പൂവാർ, വിഴിഞ്ഞം, അഞ്ചുതെങ്ങ്, കൊല്ലം ജില്ലയിലെ നീണ്ടകര, ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി, അർത്തുങ്കൽ, എറണാകുളം ജില്ലയിലെ ഫോർട്ട് കൊച്ചി, തൃശൂർ ജില്ലയിലെ അഴീക്കോട്, മനക്കക്കടവ്, മലപ്പുറം ജില്ലയിലെ പൊന്നാനി, കോഴിക്കോട് ജില്ലയിലെ ബേപ്പൂർ, ഏലത്തൂർ, വടകര, കണ്ണൂർ ജില്ലയിലെ അഴീക്കൽ, തലശേരി, കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, ബേക്കൽ, കുമ്പള എന്നിവിടങ്ങളിലാണ് കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നത്.

കേരള തീരത്തുനിന്ന് 12 നോട്ടിക്കൽ മൈൽ വരെയാണ് കോസ്റ്റൽ പോലീസ് സ്റ്റേഷനുകളുടെ പരിധി. ഈ മേഖലയിലുള്ള കുറ്റകൃത്യങ്ങളും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമാണ് കോസ്റ്റൽ പോലീസ് കൈകാര്യം ചെയ്യുന്നത്.

## സംവിധായകനും ഛായാഗ്രാഹകനുമായ സംഗീത് ശിവൻ അന്തരിച്ചു



പ്രശസ്ത സംവിധായകനും ഛായാഗ്രാഹകനുമായ സംഗീത് ശിവൻ (65) അന്തരിച്ചു. മുംബൈയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കേയാണ് അന്ത്യം. യോദ്ധ, നിർണയം, ?ഗാന്ധർവം തുടങ്ങി നിരവധി ചിത്രങ്ങളുടെ സംവിധായകനാണ്. അന്തരിച്ച പ്രശസ്ത ഫോട്ടോഗ്രാഫർ ശിവനാണ് പിതാവ്. ഛായാ?ഗ്രാഹകനും സംവിധായകനുമായ സന്തോഷ് ശിവൻ, സംവിധായകൻ സഞ്ജീവ് ശിവൻ എന്നിവർ സഹോദരങ്ങളാണ്.

1990ൽ പുറത്തിറങ്ങിയ വ്യൂഹം എന്ന ചിത്രത്തിലൂടെയാണ് സംവിധാനരം?ഗത്തെത്തിയത്. 1992ൽ സംവിധാനംചെയ്ത യോദ്ധ മലയാളികളുടെ എക്കാലത്തെയും ഇഷ്ടചിത്രമാണ്. ഈ ചിത്രത്തിലൂടെ എ.ആർ. റഹ്മാനെ മലയാളത്തിൽ ആദ്യമായി അവതരിപ്പിച്ചത് സംഗീത് ശിവനാണ്. തുടർന്ന് ഡാഡി, ?ഗാന്ധർവം, ജോണി, നിർണയം, സ്നേഹപൂർവം അന്ന എന്നീ ചിത്രങ്ങൾ സംവിധാനംചെയ്തു. 2012ൽ പുറത്തിറങ്ങിയ ഇഡിയറ്റ്സ് എന്ന ചിത്രത്തിന്റെ രചനയും നിർമാണവും സംഗീത് ശിവനായിരുന്നു. 2017ൽ ഇ എന്ന ചിത്രം നിർമിച്ചു.

ഹിന്ദിയിൽ എട്ടുസിനിമകൾ സംവിധാനംചെയ്തിട്ടുണ്ട്. 1998ൽ പുറത്തിറങ്ങിയ സോർ ആയിരുന്നു ബോളിവുഡിലെ ആദ്യ സംവിധാനസംരംഭം. 2003ൽ ചുരാ ലിയാ ഹേ തുംനേ, 2005ൽ ക്യാ കൂൾ ഹേ ഹം, 2006ൽ അപ്നാ സപ്നാ മണി മണി, 2009ൽ ഏക് ദ പവർ ഓഫ് വൺ, 2010ൽ ക്ലിക്ക്, 2013ൽ യംലാ പ?ഗലാ ദീവാനാ 2, 2019ൽ ഭ്രം എന്നീ ചിത്രങ്ങൾ അദ്ദേഹം ഹിന്ദിയിലൊരുക്കി.

ചലച്ചിത്ര ജീവിതത്തിന്റെ തുടക്കകാലത്ത് ഡോക്യുമെന്ററി ചിത്രങ്ങളും ചെയ്തിരുന്നു. ജോണി എന്ന ചിത്രത്തിലൂടെ കുട്ടികൾക്കുള്ള ആ വർഷത്തെ മികച്ച ചിത്രത്തിനുള്ള സംസ്ഥാന ചലച്ചിത്രപുരസ്കാരം സംഗീത് ശിവനെ തേടിയെത്തി.

ചലച്ചിത്ര ജീവിതത്തിന്റെ തുടക്കകാലത്ത് ഡോക്യുമെന്ററി ചിത്രങ്ങളും ചെയ്തിരുന്നു. ജോണി എന്ന ചിത്രത്തിലൂടെ കുട്ടികൾക്കുള്ള ആ വർഷത്തെ മികച്ച ചിത്രത്തിനുള്ള സംസ്ഥാന ചലച്ചിത്രപുരസ്കാരം സംഗീത് ശിവനെ തേടിയെത്തി.

## എസ്എസ്എൽസി: 99.69 ശതമാനം വിജയം

തിരുവനന്തപുരം: ഈ വർഷത്തെ എസ്എസ്എൽസി പരീക്ഷാഫലം പ്രഖ്യാപിച്ചു. 99.69 ശതമാനമാണ് ഈ വർഷത്തെ വിജയം. വിജയശതമാനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ 0. 01 ശതമാനത്തിൻറെ മാത്രം കുറവാണുള്ളത്. മുൻ വർഷം 99.7 ശതമാനമാനമായിരുന്നു വിജയം. എറ്റവും കൂടുതൽ വിജയശതമാനമുള്ള റവന്യൂ ജില്ല കോട്ടയമാണ്. 99.92 ശതമാനമാണ് വിജയം. അതേസമയം, എറ്റവും കുറവ് തിരുവനന്തപുരം റവന്യൂ ജില്ലയിലാണ്. 99.08 ശതമാനം. എറ്റവും കൂടുതൽ വിജയശതമാനമുള്ള വിദ്യാഭ്യാസ ജില്ല പാലാ ആണ്. 100 ശതമാനം വിജയമാണ് ഉണ്ടായത്. അതേസമയം, ഏറ്റവും കുറവ് വിജയശതമാനമുള്ള വിദ്യാഭ്യാസ ജില്ല ആറ്റിങ്ങലാണ്. 99 ശതമാനം.



ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷാ ഫല പ്രഖ്യാപനം പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കുന്നു.

71,831 വിദ്യാർഥികൾ എല്ലാ വിഷയങ്ങൾക്കും എപ്ലസ് നേടി. കഴിഞ്ഞ വർഷം ഇത് 68,604 ആയിരുന്നു. എല്ലാ വിഷയങ്ങൾക്കും എപ്ലസ് നേടിയ വിദ്യാർഥികളുടെ എണ്ണത്തിൽ മലപ്പുറം വിദ്യാഭ്യാസ ജില്ലയാണ് മുന്നിൽ. 4,934 വിദ്യാർഥികൾ. കഴിഞ്ഞ വർഷവും 4,856 വിദ്യാർഥികളുമായി മലപ്പുറമായിരുന്നു മുന്നിൽ. സംസ്ഥാനത്ത് 2,474 സ്കൂളുകൾ നൂറു ശതമാനം വിജയം നേടി. കഴിഞ്ഞ വർഷം ഇത് 2,581 ആയിരുന്നു. 892 സർക്കാർ സ്കൂളുകളും 100 ശതമാനം വിജയം കരസ്ഥമാക്കി.

202324 വർഷത്തെ എസ്എസ്എൽസി, ടിഎച്ച്എസ്എൽസി, എഎച്ച്എസ്എൽസി പരീക്ഷാ ഫലങ്ങളാണ് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പ്രഖ്യാപിച്ചത്. ടിഎച്ച്എസ്എൽസി പരീക്ഷയിൽ 2,944 പേർ പരീക്ഷ എഴുതിയതിൽ 2,938 പേർ വിജയിച്ചു. 99.8 ആണ് വിജയശതമാനം. 534 പേർക്ക് മുഴുവൻ വിഷയങ്ങളിലും എ പ്ലസ് ലഭിച്ചു. ഉത്തരകടലാസുകളുടെ പുനർമൂല്യനിർണയം, ഫോട്ടോ കോപ്പി, സൂക്ഷ്മ പരിശോധന എന്നിവയ്ക്കുള്ള അപേക്ഷകൾ വ്യാഴാഴ്ച മുതൽ ഈമാസം 15 വരെ നൽകാം. സേ പരീക്ഷ മേയ് 28 മുതൽ ജൂൺ ആറുവരെ നടത്തും. ജൂൺ രണ്ടാംവാരം പരീക്ഷാഫലം പ്രഖ്യാപിക്കും. മൂന്നു വിഷയങ്ങൾക്കു വരെ സേ പരീക്ഷയെഴുതാം.

## തുടരെ വിവാദങ്ങൾ; സാം പിത്രോദ ഓവർസീസ് കോൺഗ്രസ് ചെയർമാൻ സ്ഥാനം രാജിവെച്ചു

ന്യൂഡൽഹി: വിവാദപരാമർശങ്ങളിലൂടെ നിരന്തരം കോൺഗ്രസിനെ വെട്ടിലാക്കിയ സാം പിത്രോദ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ചെയർമാൻ സ്ഥാനം രാജിവെച്ചു. പിത്രോദയുടെ രാജി കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ സ്വീകരിച്ചു. എ.ഐ.സി.സി. ജനറൽ സെക്രട്ടറി ജയറാം രമേശാണ് ഇക്കാര്യം അറിയിച്ചത്.



പിന്തുടർച്ചാസ്വത്ത് നികുതി വിവാദത്തിന് പിന്നാലെ കഴിഞ്ഞ ദിവസം ഒരു ഇംഗ്ലീഷ് മാധ്യമത്തിന് നൽകിയ അഭിമുഖത്തിലെ പരാമർശങ്ങളും ബി.ജെ.പി. ആയുധമാക്കിയതിന് പിന്നാലെയാണ് രാജി. ഇന്ത്യയുടെ വൈവിധ്യങ്ങൾക്കിടയിലും ജനങ്ങൾ ഒന്നാണെന്ന് വിശദീകരിക്കുന്നതിനിടയിൽ നടത്തിയ നിരീക്ഷണങ്ങളാണ് ഏറ്റവും ഒടുവിൽ ബി.ജെ.പി. രാഷ്ട്രീയ ആയുധമാക്കിയത്. ഇന്ത്യയുടെ കിഴക്കു ഭാഗത്തുള്ളവർ ചൈനക്കാരേപ്പോലെയും പടിഞ്ഞാറുള്ളവർ അറബികളേപ്പോലെയും ഉത്തരേന്ത്യയിലുള്ളവർ വെള്ളക്കാരേപ്പോലെയും ദക്ഷിണേന്ത്യയിലുള്ളവർ ആഫ്രിക്കക്കാരേപ്പോലെയുമാണെന്നായിരുന്നു പിത്രോദയുടെ പരാമർശം.

ന്യൂസ് ഏജൻസിയായ എ.എൻ.ഐക്ക് നൽകിയ അഭിമുഖത്തിൽ അമേരിക്കയിലെ ഇൻഹെറിറ്റൻസ് ടാക്സിനേക്കുറിച്ച് നടത്തിയ പരാമർശമാണ് നേരത്തെ വിവാദമായത്. സമ്പത്ത് പുനർവിതരണം സംബന്ധിച്ച് കോൺഗ്രസിന്റെ പ്രകടനപത്രികയിലെ പരാമർശം ചൂണ്ടിക്കാട്ടി മോദി നടത്തിയ വിദ്വേഷ പരാമർശത്തിന്റെ പശ്ചാത്തലത്തിലായിരുന്നു പിത്രോദയുടെ വിശദീകരണം. അമേരിക്കയിലെ ഇൻഹെറിറ്റൻസ് ടാക്സ് നയത്തേക്കുറിച്ച് സൂചിപ്പിച്ചുകൊണ്ട് വിഷയത്തിൽ കോൺഗ്രസിന്റെ നിലപാട് വിശദീകരിക്കാനായിരുന്നു പിത്രോദയുടെ ശ്രമം.

# ജോലി തേടി പോയി, ചതിയിൽ കുടുങ്ങി; ഖത്തറിൽ മലയാളി തടവുകാർ നിരാഹാരത്തിൽ

കോഴിക്കോട്: എറണാകുളം വരാപ്പുഴ സ്വദേശിയായ ടി. ആർ. പ്രശാന്തിൻറെ മകൻ ഒന്നര വർഷം മുമ്പാണ് ജോലി തേടി ഖത്തറിലേക്കു പോയത്. ഗ്രൂപ്പ് വിസയിൽ ഇരുപതോളം പേരുണ്ടായിരുന്നു. ഏജൻറിനു വീസയ്ക്കുള്ള തുക നൽകി.

യാത്രയ്ക്കായി നെടുമ്പാശേരി വിമാനത്താവളത്തിലേക്കു കയറുമ്പോഴാണ് ഏജൻറ് പ്രത്യക്ഷപ്പെട്ടത്. ബോസ് കഴിക്കുന്ന മരുന്നാണെന്നും ഇതൊന്ന് ബോസിനു കൊടുക്കണമെന്നും പറഞ്ഞ് ഒരു ചെറിയ ബാഗ് യുവാവിനെ ഏൽപ്പിച്ചു. മരുന്നാണെന്ന വിശ്വാസത്തിൽ അതു വാങ്ങി തൻറെ ബാഗിൽ വയ്ക്കുകയും ചെയ്തു.

ഖത്തർ എയർപോർട്ടിൽ എത്തിയപ്പോൾ ബാഗിൽ എംഡിഎംഎയാണെന്നു കണ്ടെത്തി. യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു. ഖത്തർ കോടതി പതിനഞ്ചു വർഷത്തേക്കു തടവിനു ശിക്ഷിച്ചു. നിരപരാധിയായ ചെറുപ്പക്കാരൻറെ മോചനത്തിനായി പിതാവ് പ്രശാന്ത് മുട്ടാത്ത വാതിലുകളില്ല. എന്നാൽ നിരാശയായിരുന്നു ഫലം.

മുക്കം സ്വദേശിയായ ചെറുപ്പക്കാരൻ ഹോട്ടലിൽ ഷെഫിൻറെ ജോലി ലഭിച്ചാണ് ഖത്തറിലേക്കു വിമാനം കയറിയത്. എയർപോർട്ടിൽ ചെക്കിംഗ് കഴിഞ്ഞ് മുറിയിലെത്തി. മുറിയിൽ വച്ച് കഴിക്കാനെന്ന് പറഞ്ഞ് ഒപ്പമുള്ളയാൾ ഒരു ബാഗ് നൽകിയിരുന്നു.

മുറിയിലെത്തി അല്പം കഴിഞ്ഞപ്പോൾ സുഹൃത്തുമായി പോലീസ് മുറിയിലെത്തി. ഭക്ഷണമാണെന്ന് പറഞ്ഞു നൽകിയ ബാഗ് പരിശോധിച്ചപ്പോൾ എംഡിഎംഎയായിരുന്നു. മുക്കത്തുകാരൻ അറസ്റ്റിലായി. പത്തുവർഷം ശിക്ഷ ലഭിച്ചിട്ട് മൂന്നു വർഷം കഴിഞ്ഞു.

ഇത് ഇവരുടെ മാത്രം കഥയല്ല. മലയാളികളായ 550 പേർ ഇത്തരത്തിൽ മയക്കുമരുന്ന് കേസിലും ചെക്ക് കേസിലും പെട്ട് ഖത്തർ ജയിലിൽ കഴിയുന്നുണ്ട്. പാവപ്പെട്ട രക്ഷിതാക്കൾ ഇവരുടെ മോചനത്തിനായി നിരന്തരം ശ്രമിച്ചിട്ടും ലക്ഷ്യത്തിലെത്താൻ സാധിച്ചിട്ടില്ല. വിദേശ കാര്യസഹമന്ത്രി വി. മുരളീധരനും മുഖ്യമന്ത്രി പിണറായി വിജയനുമെല്ലാം പല തവണ നിവേദനം നൽകി.

എന്നാൽ നടപടിയുണ്ടായില്ലെന്ന് രക്ഷിതാക്കൾ പറഞ്ഞു. മയക്കുമരുന്നു കേസിൽ ജയിലിൽ അകപ്പെട്ട മിക്കവരും ഇത്തരത്തിൽ ചതിയിൽപെട്ടവരാണ്. 25 വർഷം വരെ ജയിൽ ശിക്ഷയ്ക്കു വിധിക്കപ്പെട്ടവരുണ്ട്. മൂന്നുലക്ഷം റിയാൽവരെ പിഴയുമുണ്ട്.

ഇന്ത്യക്കാരായ അറുനൂറിലധികം തടവുകാർ ജയിൽ മോചനം ആവശ്യപ്പെട്ട് ഖത്തർ ജയിലിൽ നിരാഹാരസമരം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 550 പേർ മലയാളികളാണ്. തടവുകാരെ കൈമാറ്റം ചെയ്യാനുള്ള ദ്വിരാഷ്ട്ര ഉടമ്പടി പ്രകാരം വിട്ടയയ്ക്കണമെന്ന് ആവശ്യപ്പെട്ടാണ് സമരം.

ഖത്തറിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട എട്ട് മുൻ നാവികർക്കു മോചനം ലഭിച്ചിരുന്നു. ഇതിനേക്കാൾ കുറഞ്ഞ കുറ്റം ചെയ്തവർക്ക് മോചനം ലഭിക്കുന്ന കാര്യത്തിൽ എംബസി ഉദ്യോഗസ്ഥർ വേണ്ടത്ര താത്പര്യം കാണിക്കുന്നില്ലെന്നാണ് ആക്ഷേപം. കേന്ദ്ര സർക്കാർ ഈ വിഷയത്തിൽ അടിയന്തരമായി ഇടപെട്ടില്ലെങ്കിൽ കോഴിക്കോട് ആദായ നികുതി ഓഫീസിനു മുന്നിൽ തടവുകാരുടെ ബന്ധുക്കൾ നിരാഹാര സമരം ആരംഭിക്കുമെന്ന് ആർ. ജെ. സജിത്ത്, ടി. ആർ. പ്രശാന്ത്, കെ. വി. ഷാജഹാൻ എന്നിവർ അറിയിച്ചു.

# ഡോക്ടർ വന്ദനാദാസിൻെറ വേർപാടിന് ഒരാണ്ട്

കടുത്തുരുത്തി: ഡോക്ടർ വന്ദനാദാസിൻറെ വേർപാടിന് ഒരാണ്ട്. മകളുടെ ആത്മാവിന് നീതികിട്ടണമെന്ന് മാതാപിതാക്കൾ. കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡ്യൂട്ടിക്കിടെ ലഹരിക്കടിപ്പെട്ട അധ്യാപകൻറെ കുത്തേറ്റു മരിച്ച ഡോക്ടർ വന്ദനാ ദാസിൻറെ ദീപ്തമായ ഓർമയ്ക്ക് ഈ മാസം പത്തിന് ഒരു വയസ്.

കോട്ടയം മുട്ടുചിറ നമ്പിച്ചിറക്കാലായിൽ (കാളിപറമ്പ്) കെ. ജി. മോഹൻദാസിൻറെയും വസന്തകുമാരിയുടെയും ഏകമകളാണ് വന്ദന. കൊല്ലം അസീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് റിസർച്ച് സെൻററിലെ എംബിബിഎസ് പഠനത്തിനുശേഷം ഹൗസ് സർജനായി സേവനമനുഷ്ഠിക്കുകയായിരുന്നു വന്ദന. കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഹൗസ് സർജനായി ജോലി നോക്കവെ പോലീസ് വൈദ്യപരിശോധനയ്ക്കെത്തിച്ച സന്ദീപ് എന്ന അക്രമിയുടെ കുത്തേറ്റാണ് 2023 മേയ് പത്തിന് പുലർച്ചെ ഡോ. വന്ദനാദാസ് കൊല്ലപ്പെട്ടത്. മകളുടെ മരണത്തിൽ ദുരൂഹതകളുണ്ടെന്ന ബോധ്യമായതിനാലാണ് സിബിഐ അന്വേഷണം ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ചത്. ഹൈക്കോടതി കഴിഞ്ഞ ഫെബ്രുവരി ആറിന് ഹർജി തള്ളി.

വീണ്ടും ഉന്നത നീതിപീഠത്തെ സമീപിക്കുനുള്ള തയാറെടുപ്പിലാണ് മോഹൻദാസും കുടുംബവും. എഫ്ഐആർ പരിശോധിച്ചപ്പോഴെ ചില പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിരുന്നതായി കെ. ജി. മോഹൻദാസ് പറഞ്ഞു. പോലീസിൻറെയും ആരോഗ്യവകുപ്പ് അധികൃതരുടെയും ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ച്ചയാണ് മകളുടെ ജീവൻ നഷ്ടപ്പെടാൻ കാരണമായതെന്നാണ് മാതാപിതാക്കളുടെ ആരോപണം.

അന്വേഷണവുമായി ബന്ധപ്പെട്ട് പോലീസ് അലംഭാവം കാണിക്കുന്നതായി മനസിലായതിനാലാണ് സിബിഐ അന്വേഷണത്തിനായി ഹൈക്കോടതിയെ സമീപിച്ചതെന്ന് മോഹൻദാസ് പറഞ്ഞു. ഓഗസ്റ്റ് ആദ്യവാരമാണ് പോലീസ് കുറ്റപത്രം കൊട്ടാരക്കര സെക്ഷൻസ് കോടതിയിൽ സമർപ്പിച്ചത്. കൊല്ലം ഫസ്റ്റ് അഡീഷണൻ ഡിസിട്രിക്ട് ആൻഡ് സെക്ഷൻസ് കോടതിയിലാണ് കേസുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിലവിൽ നടക്കുന്നത്. ഇന്ന് കുറ്റപത്രം വായിച്ചു കേൾപ്പിക്കും. തിരുവനന്തുപരത്ത് ജയിലിൽ കഴിയുന്ന പ്രതിയെ ഇന്ന് നേരിട്ട് കോടതിയിൽ ഹാജരാക്കാൻ പോലീസിനോട് കോടതിയാവശ്യപ്പെട്ടിട്ടുണ്ട്. വിചാരണ കോടതിയിലെ നടപടികൾ വേഗത്തിൽ പൂർത്തിയാക്കി, നിരപരാധിയായ തങ്ങളുടെ മകളെ കൊന്ന പ്രതിക്ക് നിയമം അനുശാസിക്കുന്ന പരമാവധി ശിക്ഷ ഉറപ്പാക്കണമെന്നും മോഹൻദാസും വസന്തകുമാരിയും ആവശ്യപ്പെട്ടു സർക്കാർ പ്രഖ്യാപിച്ച നഷ്ടപരിഹാരമായ 25 ലക്ഷം രൂപ ഇപ്പോഴും മാതാപിതാക്കൾ കൈപ്പറ്റിയിട്ടില്ല.

മകളുടെ ആത്മാവിന് നീതി കിട്ടണം അതിനായി ഏതറ്റം വരേയും പോകുമെന്നും വന്ദനയുടെ മാതാപിതാക്കൾ പറഞ്ഞു.

# മുക്കുപണ്ടം പണയംവച്ച് തട്ടിപ്പ്: ഒരാൾ അറസ്റ്റിൽ

അടൂർ: ഏഴംകുളത്ത് സ്വകാര്യ ധനകാര്യ സ്ഥാപനത്തിൽ മുക്കുപണ്ടങ്ങൾ പണയം വച്ച് അരലക്ഷത്തോളം രൂപ തട്ടിയെടുത്ത കേസിൽ ഒരാളെ അടൂർ പോലീസ് അറസ്റ്റ് ചെയ്തു. ഏഴംകുളം വയല അറുകാലിക്കൽ വെസ്റ്റ് മാളിക കിഴക്കേതിൽ വീട്ടിൽ സാജനെ(32)യാണ് പോലീസ് പിടികൂടിയത്.

ഏപ്രിൽ അവസാന ആഴ്ചയാണ് ഇയാൾ സ്വകാര്യ ധനകാര്യ സ്ഥാപനത്തിൽ മുക്കുപണ്ടം പണയം വച്ച് പണം കൈപ്പറ്റിയത്. സ്ഥാപനത്തിനു സമീപം താമസിക്കുന്ന ഇയാൾ ജീവനക്കാരുമായി സൗഹൃദം സ്ഥാപിച്ച ശേഷം, ആശുപത്രി ചികിത്സയ്ക്കെന്നു പറഞ്ഞ് 916 മുദ്ര പതിപ്പിച്ച മുക്കുപണ്ടം നൽകുകയായിരുന്നു. പണം കൈപ്പറ്റിഇയാൾ പോയ ശേഷം സംശയം തോന്നിയ ജീവനക്കാർ ഉരച്ചു നോക്കിയപ്പോൾ മുക്കുപണ്ടമാണെന്ന് ബോധ്യപ്പെട്ടു. തുടർന്ന് പോലീസിൽ പരാതി നൽകി.

കേസ് രജിസ്റ്റർ ചെയ്തതറിഞ്ഞ് മുങ്ങിയ സാജനെ പോലീസ് വിവിധ സ്ഥലങ്ങളിൽ അന്വേഷിച്ചുവരവെ ഇന്നലെ പുലർച്ചയോടെ കോട്ടയത്തുനിന്നു കസ്റ്റഡിയിലെടുത്തു. സ്റ്റേഷനിൽ എത്തിച്ച് ചോദ്യം ചെയ്തശേഷം അറസ്റ്റ് രേഖപ്പെടുത്തി. അന്വേഷണത്തിൽ ഇയാൾ സമാനരീതിയിൽ വിവിധ സ്ഥലങ്ങളിൽ സ്വർണം പണയം വച്ചിട്ടുള്ളതായി സംശയിക്കുന്നുണ്ട്. വിവിധ പോലീസ് സ്റ്റേഷനുകളിലായി മോഷണം, വധശ്രമം, അടിപിടി, തീവയ്പ് അടക്കം പത്തിലധികം കേസുകൾ ഇയാൾക്കെതിരേ നിലവിലുണ്ട്.

അടൂർ ഡിവൈഎസ്പി ആർ. ജയരാജിൻറെ മേൽനോട്ടത്തിൽ പോലീസ് ഇൻസ്പെക്ടർ ആർ. രാജീവ്, എസ്ഐ എം. പ്രശാന്ത്, എസ് സിപിഒമാരായ സൂരജ്, ശ്യാം കുമാർ എന്നിവരടങ്ങുന്ന അന്വേഷണ സംഘമാണ് ഇയാളെ പിടികൂടിയത്.

# നെൽ കർഷകർക്ക് പണം ലഭ്യമാക്കണം: നെൽ കർഷക സംരക്ഷണ സമിതി

ചങ്ങനാശേരി: നെൽ കർഷകർക്ക് പണം കൊടുക്കാതിരിക്കുന്ന എസ്ബിഐയുടെ നിലപാടിൽ നെൽ കർഷക സംരക്ഷണ സമിതി ചങ്ങനാശേരി മേഖല യോഗം പ്രതിഷേധം രേഖപ്പെടുത്തി. മാർച്ച് രണ്ടാം വാരം മുതൽ കൊയ്ത് സംഭരണം നടത്തിയ നെല്ലിൻറെ പണം ലഭ്യമാക്കാത്ത എസ്ബിഐയുടെ നിലപാട് കർഷകരോടുള്ള വെല്ലുവിളിയാണെന്ന് യോഗം ചൂണ്ടിക്കാട്ടി.

പ്രതിസന്ധി അവസാനിപ്പിക്കാൻ മുഖ്യമന്ത്രി ഇടപെടണമെന്നും യോഗം ആവശ്യപ്പെട്ടു. നെൽ കർഷകരുടെ പണം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചില്ലെങ്കിൽ ശക്തമായ സമരപരിപാടികൾക്ക് രൂപം കൊടുക്കാനും യോഗം തീരുമാനിച്ചു.

കൺവീനർ സന്തോഷ് പറമ്പിശേരിയുടെ അധ്യക്ഷതയിൽ സമിതി രക്ഷാധികാരി വി. ജെ. ലാലി ഉദ്ഘാടനം ചെയ്തു. കോകോർഡിനേറ്റർ അനിയൻകുഞ്ഞ്, പ്രഫ. ജോസഫ് ടിറ്റോ, ജയൻ തോട്ടാശേരി, ജിക്കു കുര്യാക്കോസ്, സോണി കളരിക്കൽ, സി. വി. ആൻറണി എന്നിവർ പ്രസംഗിച്ചു.സർക്കാർ ഇടപെടണം: ഇൻഫാം ചങ്ങനാശേരി: കുട്ടനാട്ടിലെ മുഴുവൻ കർഷകർക്കും പുഞ്ചകൃഷിയുടെ നെല്ലുവില നൽകാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അതിരൂപത ഇൻഫാം നിർവാഹകസമിതി ആവശ്യപ്പെട്ടു. ഇപ്പോൾ കാനറാബാങ്കിൽ അക്കൗണ്ട് ഉള്ള വളരെ കുറച്ചുപേരുടെ (ഏപ്രിൽ ആദ്യ ആഴ്ച പിആർഎസ് എഴുതിയവരുടെ വരെ ) പണം മാത്രമേ നൽകിത്തുടങ്ങിയിട്ടുള്ളൂ. സ്റ്റേറ്റ് ബാങ്ക് ഏപ്രിൽ മാസത്തെ പിആർഎസിൻറെ ലെറ്ററായില്ല എന്ന് പറഞ്ഞു ഇതുവരെയും പണം നൽകിത്തുടങ്ങിയിട്ടില്ല.

യോഗത്തിൽ ഇൻഫാം അതിരൂപത ഡയറക്ടർ ഫാ. തോമസ്കുട്ടി താന്നിയത്ത് അധ്യക്ഷത വഹിച്ചു. ഫാ. സോണി പള്ളിച്ചിറ, ഡോ. സേവിച്ചൻ മുഹമ്മ, ടോം ജോസഫ് ചമ്പക്കുളം, ജോസി ഡോമിനിക് പുളിങ്കുന്ന്, റോയ് മുഹമ്മ തുടങ്ങിയവർ പ്രസംഗിച്ചു.

# മെഡിക്കൽ കോളജ് പ്രവേശന കവാടത്തിനു സമീപം തീപിടിത്തം

ഗാന്ധിനഗർ: കോട്ടയം മെഡിക്കൽ കോളജ് പ്രവേശന കവാടത്തിനു സമീപം വിദ്യാർഥികൾക്കായി നിർമിക്കുന്ന ബ്ലോക്കിൻറെ സമീപത്ത് തീപടർന്നത് ആശങ്കയുളവാക്കി. നിലവിലെ കോളജ് പ്രിൻസിപ്പൽ ഓഫീസിന് എതിർവശത്തായി മെഡിക്കൽ കോളജ് അതിരമ്പുഴ റോഡിൻറെ ഇടത് വശത്താണു പുതിയ ബ്ലോക്ക് നിർമിക്കുന്നത്.

കെട്ടിട നിർമാണത്തിൻറെ ഭാഗമായി ഈ ഭാഗത്തുള്ള മരങ്ങൾ എല്ലാം മുറിച്ചു കൂട്ടിയിട്ടിരിക്കുകയാണ്. ഉണങ്ങിക്കിടന്ന മരച്ചില്ലക്കു തീപിടിച്ചതാണ് ആശങ്ക ഉണ്ടാക്കിയത്. തീ പടർന്ന പ്രദേശത്തിന് തൊട്ടരികിൽ ട്രാൻസഫോർമർ സ്ഥാപിച്ചിട്ടുണ്ട്. അതിനാൽ ട്രാൻസ്ഫോർമറിനാണു തീ പിടിച്ചതെന്നാണ് ആദ്യം കരുതിയത്.

പിന്നീട് അഗ്നിശമന ഉദ്യോഗസ്ഥരെത്തിശേഷമാണ് മരക്കമ്പുകളിൽനിന്നാണു തീ പടർന്നതെന്നും സിഗരറ്റ് കുറ്റി വലിച്ചെറിഞ്ഞത് മൂലമുണ്ടായ തീപിടുത്തമെന്നാണെന്നും കണ്ടെത്തിയത്. അഗ്നിശമനാ പ്രവർത്തകർ ഉടൻ തന്നെ തീ അണച്ചതിനാൽ അനിഷ്ട സംഭവങ്ങൾ ഒന്നും ഉണ്ടായില്ല.

# ഭാര്യയെയും ഭാര്യാപിതാവിനെയും ആക്രമിച്ച കേസിൽ യുവാവ് അറസ്റ്റിൽ

കറുകച്ചാൽ: ഭാര്യയെയും ഭാര്യാ പിതാവിനെയും ആക്രമിച്ച കേസിൽ യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു. പയ്യപ്പാടി അടുന്പകാട് ആലയ്ക്കൽപറമ്പിൽ രാഹുൽ ദിവാകരനെ (35)യാണ് കറുകച്ചാൽ പോലീസ് അറസ്റ്റ് ചെയ്തത്. ഇയാൾ കഴിഞ്ഞദിവസം വൈകുന്നേരം അഞ്ചിന് കങ്ങഴ കക്കാട്ടുപടി ഭാഗത്തുള്ള ഭാര്യാ വീട്ടിലെത്തി ഭാര്യാ പിതാവിനെ ആക്രമിക്കുകയായിരുന്നു.

ഇത് തടയാനെത്തിയ ഭാര്യയെയും ആക്രമിച്ചു. ഇരുവരെയും വാക്കത്തി ഉപയോഗിച്ച് വെട്ടാൻ ശ്രമിക്കുകയും ചെയ്തതായി പോലീസ് പറഞ്ഞു. ഇവർ തമ്മിൽ കുടുംബ പ്രശ്നങ്ങളും ഉള്ളതായി പോലീസ് പറഞ്ഞു.

പരാതിയെത്തുടർന്ന് കറുകച്ചാൽ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ഇയാളെ അറസ്റ്റ് ചെയ്യുകയുമായിരുന്നു. കറുകച്ചാൽ സ്റ്റേഷൻ എസ്ഐ സുനിൽ ജി, എസ്ഐ സാജു ലാൽ, സിപിഒ കെ. ആർ. സുരേഷ്, അൻവർ കരീം എന്നിവർ ചേർന്നാണ് ഇയാളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

# വീട്ടമ്മയെ ആക്രമിച്ചയാളെ പിടികൂടുന്നതിനിടെ എസ്ഐക്കു പരിക്ക്

റാന്നി: വീട്ടമ്മയെ ആക്രമിച്ചയാളെ പിടികൂടാൻ ശ്രമിക്കുന്നതിനിടെ എസ്ഐക്ക് പരിക്ക്. റാന്നി എസ്ഐ ആർ. മനുവിൻറെ വലത്തെ കൈവിരലിനാണ് പൊട്ടലുണ്ടായത്. സംഭവവുമായി ബന്ധപ്പെട്ട് അടിച്ചിപ്പുഴ, കിണറ്റുകര അഭിലാഷിനെ (24) റാന്നി പോലീസ് കസ്റ്റഡിയിൽ എടുത്തു. തിങ്കളാഴ്ച രാത്രിയാണു സംഭവം. മദ്യലഹരിയിൽ ഇയാൾ അടിച്ചിപ്പുഴ സ്വദേശിനിയായ വീട്ടമ്മയെ വീടുകയറി ആക്രമിക്കുകയായിരുന്നു. അവർ ബഹളംവച്ചപ്പോൾ ഓടി രക്ഷപ്പെട്ടു. വീട്ടമ്മ പരാതിപ്പെട്ടതനുസരിച്ച് പ്രതിയെ തേടി ഇറങ്ങിയ റാന്നി പോലീസ് ഇന്നലെ ഉച്ചയ്ക്ക് പന്ത്രണ്ടോടെ ഇയാളെ മാടമണ്ണിൽ കണ്ടു.

പോലീസ് ജീപ്പ് കണ്ട് ഓടിയ അഭിലാഷിനെ പിന്തുടർന്ന് പിടികൂടിയപ്പോഴാണ് പോലീസുമായി മൽപ്പിടുത്തം ഉണ്ടായതെന്ന് പറയുന്നു. തുടർന്ന് ഇയാളെ കീഴടക്കി അറസ്റ്റ് രേഖപ്പെടുത്തി. പരിക്കേറ്റ എസ്ഐ റാന്നി താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടി. വീട്ടമ്മയെ ആക്രമിച്ചതു കൂടാതെ പോലീസിനെ ആക്രമിച്ചതിനും അഭിലാഷിനെതിരേ കേസെടുത്തു.

# മാരാമണ്ണിലെ തുടർച്ചയായ വൈദ്യുതി തടസത്തിനു പരിഹാരമാകുന്നില്ല

കോഴഞ്ചേരി: തുടർച്ചയായ വൈദ്യുതി തടസം ഒഴിവാകുന്നില്ലെന്ന് ഉപഭോക്താക്കൾക്ക് പരാതി. തോട്ടപ്പുഴശേരി ഗ്രാമപഞ്ചായത്തിലെ നെടുംപ്രയാർ, മാരാമൺ പ്രദേശത്തെ വീട്ടുടമകൾക്കും വ്യാപാര സ്ഥാപനങ്ങൾക്കുമാണ് വൈദ്യുതി വകുപ്പിൻറെ പ്രഖ്യാപിത, അപ്രഖ്യാപിത വൈദ്യുതി തടസംമൂലം ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത്.

ഇതിനു പരിഹാരം തേടി മുഖ്യമന്ത്രിയുടെ നവകേരള സദസിൽ വരെ പരാതി എത്തിയിരുന്നു.

നെടുംപ്രയാർ ഭാഗത്ത് സ്ഥിരമായി ഉച്ചയ്ക്ക് 12.30ന് വൈദ്യുതി നഷ്ടപ്പെട്ടാൽ വൈകുന്നേരം ആറുകഴിഞ്ഞാണ് ലഭിക്കുന്നത്. നെടുംപ്രയാർ, മാരാമൺ പ്രദേശം ഉൾപ്പെടുന്ന കെഎസ്ഇബിയുടെ അയിരൂരിലെ സെക്ഷൻ ഓഫീസിൽ ഫോൺ വിളിച്ചാൽ എടുക്കാറില്ലെന്നും ഉപഭോക്താക്കൾ കുറ്റപ്പെടുത്തി.

മാരാമൺ കൺവൻഷൻ നഗറിലേക്കുള്ള റോഡുകളിൽ വൈദ്യുതി മുടങ്ങുന്നത് വൻ പ്രതിഷേധത്തിനു കാരണമായിരുന്നു. മാരാമൺ ഭാഗത്തു നിലവിലുള്ള ട്രാൻസ്ഫോർമറിന് വൈദ്യുതി താങ്ങാൻ കഴിയാത്തതുമൂലമാണ് വൈദ്യുതി തടസം സംഭവിക്കുന്നതെന്നാണ് ഉദ്യോഗസ്ഥരുടെ ഭാഷ്യം.

ഇതിനു പരിഹാരമായി കൺവൻഷൻ നഗറിൽ ഒരു പ്രത്യേക ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്ന ആവശ്യം ശക്തമാകുകയും നടപടികൾ സ്വീകരിക്കാമെന്ന് മന്ത്രിതലത്തിൽ ഉറപ്പുണ്ടായിട്ടും ഇതേവരെയും ഒരു നടപടിയും ഉണ്ടായിട്ടില്ലെന്നും ഉപഭോക്താക്കൾ കുറ്റപ്പെടുത്തുന്നു. നെടുംപ്രയാർ, മാരാമൺ പ്രദേശങ്ങളിൽ സർക്കാർ, ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ചെറുകിട വ്യവസായം നടത്തുന്നവരെയാണ് ഏറെ പ്രയാസത്തിലാക്കിയിരിക്കുന്നത്.

ഡിറ്റിപി സെൻറർ, വ്യാപാര സ്ഥാപനങ്ങൾ, ഡ്രൈക്ലീനിംഗ് സെൻററുകൾ എന്നിവിടങ്ങളിലെല്ലാം വൈദ്യുതി തടസംമൂലം കൃത്യമായി ജോലികൾ നടക്കുന്നില്ലെന്ന് ഉടമസ്ഥർ പറയുന്നു. അടിയന്തരമായി ഈ പ്രദേശത്തെ വൈദ്യുതി തടസം ഒഴിവാക്കാനുള്ള നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് ഉപഭോക്താക്കളുടെ ആവശ്യം.

ഈ നില തുടരുകയാണെങ്കിൽ കോടതിയെയും മനുഷ്യാവകാശ കമ്മീഷൻ പോലുള്ള സംഘടനകളെയും സമീപിക്കാനാണ് ഇവരുടെ ഉദ്ദേശം.

# ചിത്രീകരണത്തിനിടെ കാട്ടാന ആക്രമണം: മാതൃഭൂമി ന്യൂസ് കാമറാമാൻ എ. വി. മുകേഷിന് ദാരുണാന്ത്യം

പാലക്കാട്: കാട്ടാന ആക്രമണത്തെത്തുടർന്ന് മാതൃഭൂമി ന്യൂസ് കാമറാമാൻ എ. വി. മുകേഷിന് ദാരുണാന്ത്യം. 34 വയസായിരുന്നു. പാലക്കാട് മലമ്പുഴ കൊട്ടേക്കാട് ഇന്ന് പുലർച്ചെയാണ് സംഭവം. കാട്ടാനക്കൂട്ടം പുഴ മുറിച്ചുകടക്കുന്നതിൻറെ ദൃശ്യം പകർത്തുന്നതിനിടെ പ്രകോപിതനായ കാട്ടാന മുകേഷിനെ ആക്രമിക്കുകയായിരുന്നു. ഉടൻ തന്നെ പാലക്കാട് ജില്ലാ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. റിപ്പോർട്ട് ചെയ്യാൻ പോയ സംഘത്തിൽ ഉണ്ടായിരുന്ന റിപ്പോർട്ടറും ഡ്രൈവറും ഓടി രക്ഷപ്പെടുകയായിരുന്നു. ദീർഘകാലം ഡൽഹിയിൽ ജോലി ചെയ്തിരുന്ന മുകേഷ് ഒരു വർഷമായി പാലക്കാട് ബ്യൂറോയിലായിരുന്നു. മലപ്പുറം പരപ്പനങ്ങാടി ചെട്ടിപ്പടി സ്വദേശി അവത്താൻ വീട്ടിൽ, ദേവിയുടേയും പരേതനായ ഉണ്ണിയുടേയും മകനാണ്. ഭാര്യ ടിഷ.

# ചിന്നക്കനാൽ ഭൂമി ഇടപാട്: മാത്യു കുഴൽനാടനെതിരേ എഫ്ഐആർ, 16ാം പ്രതി

ഇടുക്കി: ചിന്നക്കനാൽ ഭൂമി കൈയേറ്റക്കേസിൽ മാത്യു കുഴൽനാടൻ എംഎൽഎയ്ക്കെതിരേ വിജിലൻസ് എഫ്ഐആർ. കേസിൽ 16ാം പ്രതിയാണ് കുഴൽനാടൻ. 2012ലെ ദേവികുളം തഹസിൽദാർ ഷാജിയാണ് കേസിൽ ഒന്നാം പ്രതി. ആകെ 21 പ്രതികളാണുള്ളത്.

കഴിഞ്ഞദിവസം വൈകുന്നേരമാണ് എഫ്ഐആർ രജിസ്റ്റർ ചെയ്തത്. എഫ്ഐആർ ഇന്ന് മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ സമർപ്പിക്കും.

ആധാരത്തിൽ വില കുറച്ച് കാണിച്ച് ഭൂമി രജിസ്ട്രേഷൻ നടത്തിയെന്ന സിപിഎം എറണാകുളം ജില്ലാ സെക്രട്ടറി സി. എൻ. മോഹനൻറെ പരാതിയോടെയാണ് മാത്യു ചിന്നക്കനാലിലെ ഭൂമി ഇടപാട് ചർച്ചയായത്. മൂന്ന് ആധാരങ്ങളിലായി ഒരേക്കർ ഇരുപത്തിമൂന്ന് സെൻറ് സ്ഥലവും കെട്ടിടങ്ങളുമാണ് മാത്യുവിൻറെയും രണ്ട് പത്തനംതിട്ട സ്വദേശികളുടെയും പേരിൽ വാങ്ങിയിട്ടുള്ളത്.

എന്നാൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയെക്കാൾ കൂടുതൽ കാണിച്ചുവെന്ന ന്യായീകരണത്തിലുടെ ഇത് മാത്യു കുഴൽനാടൻ പ്രതിരോധിച്ചു. മുഖ്യമന്ത്രിക്കെതിരേ നിലപാട് എടുത്തതിൻറെ പ്രതികാരമായുള്ള വേട്ടയാടൽ എന്നായിരുന്നു കുഴൽനാടൻറെ വാദം.

# സ്കൂട്ടറിൽ സഞ്ചരിച്ച ഭാര്യയെയും സുഹൃത്തിനെയും ബൈക്കിലെത്തിയ ഭർത്താവ് ഇടിച്ചുവീഴ്ത്തി

ഹരിപ്പാട്: സ്കൂട്ടറിൽ സഞ്ചരിക്കുകയായിരുന്ന ഭാര്യയെയും സുഹൃത്തിനെയും ബൈക്കിലെത്തിയ ഭർത്താവ് ഇടിച്ചുവീഴ്ത്തി. ആറാട്ടുപുഴ റിയാസ് മൻസിൽ ഷാജഹാൻ (33) ആണ് സ്കൂട്ടറിൽ സഞ്ചരിക്കുകയായിരുന്ന ഭാര്യ മുട്ടം താഴ്ചയിൽ നൗഫിയ (28), സുഹൃത്ത് ഏവൂർ വടക്ക് കാങ്കാലിൽ ശിൽപ (19) എന്നിവരെ ബൈക്കിൽ എത്തി ഇടിച്ചു വീഴ്ത്തിയത്.

സംഭവത്തിൽ ഷാജഹാനെ പോലീസ് അറസ്റ്റ് ചെയ്തു. അപകടത്തിൽ പരിക്കേറ്റ നൗഫിയയും ശിൽപ്പയും ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടി. ഞായറാഴ്ച്ച ഉച്ചയ്ക്ക് രണ്ടിന് ഏവൂർ ദേശബിന്ധു വായനശാലയ്ക്ക് സമീപമായിരുന്നു സംഭവം.

സംഭവത്തെക്കുറിച്ച് പോലീസ് പറയുന്നതിങ്ങനെ: നൗഫിയയും ഭർത്താവ് ഷാജഹാനും ഒരു വർഷമായി പിണങ്ങിക്കഴിയുകയാണ്. വിവാഹമോചനത്തിനായി കുടുംബ കോടതിയിൽ കേസ് നടക്കുന്നുണ്ട്. മുട്ടത്ത് ബ്യൂട്ടിപാർലർ നടത്തുകയാണ് നൗഫിയ.

സുഹൃത്തായ ശിൽപയുമായി ഏവൂരിൽ ബ്യൂട്ടീഷൻ ജോലി കഴിഞ്ഞ് തിരിച്ചുവരുന്നതിനിടയിൽ ബൈക്കിൽ എത്തിയ ഷാജഹാൻ ഇവർ സഞ്ചരിച്ച സ്കൂട്ടർ ഇടിച്ചു വീഴ്ത്തുകയായിരുന്നു. . സ്കൂട്ടർ മറിയാതിരുന്നതിനെ തുടർന്ന് ഇയാൾ സ്കൂട്ടറിൽ ചവിട്ടി വീഴ്ത്തുകയായിരുന്നു. ശിൽപ്പയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഷാജഹാനെതിരെ 308 വകുപ്പ് ചുമത്തി കേസെടുത്തതായി പോലീസ് അറിയിച്ചു.

കരിയിലക്കുളങ്ങര എസ്എച്ച്ഒ സുനീഷ്. എൻ, എസ്ഐ ബജിത്ത് ലാൽ, എഎസ്ഐ പ്രദീപ്, വനിത സിപിഒ അനി എന്നിവരുടെ സംഘമാണ് പ്രതിയെ പിടികൂടിയത്.

# ഡോക്ടറുടെ മൂന്നരക്കോടി തട്ടിയ കേസ്; അന്വേഷണം തുടങ്ങി

തിരുവനന്തപുരം: ഉള്ളൂർ സ്വദേശിയായ ഡോക്ടറിൽ നിന്നും 3.5 കോടി രൂപ ഓൺലൈനിലൂ ടെ തട്ടിയെടുത്ത കേസിൽ സൈബർ പോലീസ് അന്വേഷണം ആരംഭിച്ചു. തട്ടിപ്പിന് ഉപയോഗിച്ച അക്കൗണ്ട് ഉടമകളുടെ പേരു വിവരങ്ങളും കോണ്ടാക്ട് നമ്പറുകളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സൈബർ പോലീസ് ബന്ധപ്പെട്ട ബാങ്കുകളോട് രേഖാമൂലം ആവശ്യപ്പെട്ടു.

അന്തർ സംസ്ഥാന സംഘമാണ് തട്ടിപ്പിനു പിന്നിലെന്നാണ് പോലീസിനു ലഭിച്ച പ്രാഥമിക സൂചനകൾ. നിരവധി അക്കൗണ്ടുകളിലൂടെയാണു തട്ടിപ്പ് സംഘം പണം കവർന്നത്. തട്ടിപ്പിനുപയോഗിച്ച അക്കൗണ്ടുകൾ മരവിപ്പിക്കാനും ബാങ്കുകളോട് പോലീസ് ആവശ്യപ്പെട്ടിട്ടുണ്ട്. അക്കൗണ്ട് ഉടമകളെ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ ലഭിച്ചശേഷമെ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കൂവെന്നാണ് അന്വേഷണ സംഘം വ്യക്തമാക്കുന്നത്.

ഇക്കഴിഞ്ഞ മാർച്ചിലാണു വാട്ട്സ് ആപ്പിലൂടെ തട്ടിപ്പു സംഘം ഡോക്ടറുമായി ഓൺലൈൻ ബ ന്ധം സ്ഥാപിച്ചത്. ഓൺലൈൻ വ്യാപാരത്തിലൂടെ വൻ ലാഭം കിട്ടുമെന്നു പറഞ്ഞു പ്രലോഭിപ്പിച്ചാണ് പല തവണകളായി തൻറെ പക്കൽനിന്നു 3.5 കോടി രൂപ തട്ടിയെടുത്തതെന്നാണ് ഡോക്ടർ പോലീസിൽ നൽകിയ മൊഴിയിൽ വ്യക്തമാകുന്നത്. സംഘം ഡോക്ടറിൽനിന്നും ആദ്യ ഗഡുവായി 15,000 രൂപ സ്വീകരിച്ചിരുന്നു.

ഇതിൻറെ ലാഭമെന്നു വിശ്വസിപ്പിച്ച് മൂന്നിരട്ടിയലധികം രൂപ തിരികെ അക്കൗണ്ട് മുഖേന തട്ടിപ്പുസംഘം നൽകുകയും ചെയ്തു. ഇതുചൂണ്ടിക്കാട്ടി പിന്നീട് പലപ്പോഴായി വൻതുക തട്ടിപ്പുകാർ പറഞ്ഞ അക്കൗണ്ടുകളിലൂടെ നിക്ഷേപിച്ച ഡോക്ടർക്ക് ലാഭ വിഹിതമായുള്ള പണം അക്കൗണ്ടിലേക്കു മടക്കി അയച്ചുവെന്നു സന്ദേശങ്ങളും അയച്ചിരുന്നു. ഏറെ നാളുകൾക്കുശേ ഷം പണം പിൻവലിക്കാൻ ശ്രമിച്ചപ്പോഴാണ് തട്ടിപ്പ് വിവരം മനസിലായതെന്നാണ് ഡോക്ടർ വ്യക്തമാക്കുന്നു.

കഴിഞ്ഞ എട്ടുമാസക്കാലത്തിനിടെ തിരുവനന്തപുരം നഗരത്തിൽനിന്നും പലരിൽ നിന്നായി എട്ടുകോടിയിൽപ്പരം രൂപയാണ് ഇത്തരത്തിൽ സംഘം തട്ടിയത്. തട്ടിപ്പിനിരയായവരിൽ ഭൂരിഭാഗം പേരും പ്രൊഫഷണലുകളാണ്. എന്നാൽ നഷ്ടപ്പെട്ട പണം വീണ്ടെടുക്കാൻ സാധിച്ചിട്ടില്ല.

# മോദിക്കെതിരേ പ്രസംഗിക്കാൻ ഭയന്നാണ് മുഖ്യമന്ത്രി മുങ്ങിയതെന്ന് കെ സുധാകരൻ

തിരുവനന്തപുരം: മോദിക്കെതിരേ പ്രസംഗിക്കാൻ ഭയമുള്ളതുകൊണ്ടാണ് ഇനി നാലുഘട്ടം തെരഞ്ഞെടുപ്പുകൂടി ബാക്കിയുള്ളപ്പോൾ മുഖ്യമന്ത്രി പിണറായി വിജയൻ വിദേശത്തേക്കു മുങ്ങിയതെന്ന് കെപിസിസി പ്രസിഡന്റ് കെ സുധാകരൻ. വിവിധ സംസ്ഥാനങ്ങളിൽ മത്സരിക്കുന്ന സിപിഎം സ്ഥാനാർത്ഥികൾക്കവേണ്ടി പോലും പ്രചാരണത്തിനു പോകാതെ മുഖ്യമന്ത്രി മുങ്ങിയത് സ്വന്തം പാർട്ടിക്കാരോടു ചെയ്ത കൊടുംചതിയാണ്. പല സംസ്ഥാനങ്ങളിലും സിപിഎം സ്ഥാനാർത്ഥികൾ ഇന്ത്യാമുന്നണിയുടെ ഭാഗമായി ബിജെപിക്കെതിരേ മത്സരിക്കുന്നുണ്ട്. അവർക്കു വേണ്ടി എല്ലായിടത്തും പ്രചാരണം നടത്തുന്ന് കോൺഗ്രസാണ്. കോൺഗ്രസ് കാട്ടുന്ന സാമാന്യമര്യാദപോലും പോളിറ്റ് ബ്യൂറോ അംഗവും സിപിഎമ്മിന്റെ രാജ്യത്തെ ഏക മുഖ്യമന്ത്രിയുമായ പിണറായി വിജയൻ സ്വന്തം പാർട്ടിക്കാരോട് കാട്ടിയില്ല.

കേരളത്തിന്റെ ചരിത്രത്തിൽ ഒരു മുഖ്യമന്ത്രിയും ഇതുപോലെ അതീവരഹസ്യമായി വിദേശയാത്ര നടത്തിയിട്ടില്ല. 2005ൽ അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ദാവോസിൽ സാമ്പത്തിക ഉച്ചകോടിയിൽ പ്രസംഗിക്കാൻ പോയപ്പോൾ അന്ന് ധനമന്ത്രി വക്കം പുരുഷോത്തമന് ചുമതല കൈമാറിയിരുന്നു. മന്ത്രിസഭയിലെ മരുമകനൊഴികെ മറ്റാരെയും വിശ്വാസമില്ലാത്തതുകൊണ്ടാണോ, അതോ അവരൊക്കെ കഴിവുകെട്ടവരായതുകൊണ്ടാണോ ചുമതല കൈമാറാതിരുന്നതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണം.

കടുത്ത വേനൽച്ചൂട്, അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി, ക്ഷേമപെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളെല്ലാം മുടങ്ങിയ അവസ്ഥ. കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാരിന്റെ വരുമാനത്തിൽ 10, 302 കോടിയുടെ ഇടിവ്. ഇതൊന്നും മുഖ്യമന്ത്രിക്ക് പ്രശ്നമല്ല. 10 ലക്ഷം പേർ ഡ്രൈവിംഗ് ടെസ്റ്റിനു കാത്തിരിക്കുമ്പോഴാണ് മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും വിദേശത്ത് പോയത്. ഗതാഗത കമ്മീഷണർ അവധിയിലും. ഇതുപോലെയുള്ള ഭരണസ്തംഭനമാണ് എല്ലാ വകുപ്പുകളിലും കാണുന്നത്.

കേരളത്തിലെ ഉഷ്ണതരംഗത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തനിവാരണ വകുപ്പിന്റെ ചുമതലയെങ്കിലും ഏതെങ്കിലും മന്ത്രിക്കു നൽകാനുള്ള വിവേകം മുഖ്യമന്ത്രി കാട്ടണമായിരുന്നു. മന്ത്രിസഭായോഗം പോലും റദ്ദാക്കി. മുഖ്യമന്ത്രിയുടെ യാത്രയുടെ സാമ്പത്തിക ഉറവിടം എന്താണ്? ആരാണിതു സ്പോൺസർ ചെയ്യുന്നത്? സംസ്ഥാന സർക്കാരാണെങ്കിൽ അതു വ്യക്തമാക്കണമെന്നും സുധാകൻ ആവശ്യപ്പെട്ടു.

# അഞ്ചുദിവസം എല്ലാ ജില്ലകളിലും മഴയ്ക്ക് സാധ്യത; രണ്ടു ജില്ലകളിൽ ഇന്ന് യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് കൊടുംചൂടിൽ ആശ്വാസമായി മഴമുന്നറിയിപ്പ്. അടുത്ത അഞ്ചുദിവസം എല്ലാ ജില്ലകളിലും നേരിയതോ മിതമായതോ ആയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ഇന്ന് ഇടുക്കി, മലപ്പുറം ജില്ലകളിലും ശനിയാഴ്ച തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിലും യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. 24 മണിക്കൂറിൽ 64.5 മില്ലിമീറ്ററിൽ മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്ന സാഹചര്യത്തെയാണ് ശക്തമായ മഴ എന്നത് കൊണ്ട് അർഥമാക്കുന്നത്.

കൂടാതെ, ശനി. ഞായർ ദിവസങ്ങളിൽ കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും മണിക്കൂറിൽ 30 മുതൽ 40 കി. മീ വരെ വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

അതേസമയം, കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെ 0. 5 മുതൽ 1.4 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും ആയതിൻറെ വേഗം സെക്കൻഡിൽ 15 രാ നും 45 രാ നും ഇടയിൽ മാറിവരുവാൻ സാധ്യതയുണ്ടെന്നും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി തെക്കൻ തമിഴ്നാട് തീരത്ത് ഇന്ന് രാത്രി 11.30 വരെ 1.0 മുതൽ 1.7 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും ആയതിൻറെ വേഗം സെക്കൻഡിൽ 15 രാ നും 45 രാ നും ഇടയിൽ മാറിവരുവാൻ സാധ്യതയുണ്ടെന്നും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

# കെപിസിസി അധ്യക്ഷ സ്ഥാനം വീണ്ടും ഏറ്റെടുത്ത് കെ. സുധാകരൻ; വിട്ടുനിന്ന് ഹസൻ

തിരുവനന്തപുരം: കെപിസിസി അധ്യക്ഷനായി കെ. സുധാകരൻ വീണ്ടും ചുമതലയേറ്റു. സ്ഥാനത്തേക്ക് മടങ്ങിയെത്തി ചുമതലയേൽക്കാൻ ഹൈക്കമാൻഡ് നിർദേശം നൽകിയതിനെത്തുടർന്ന് ഇന്ന് രാവിലെ പത്തരയോടെയാണ് കെ. സുധാകരൻ കെപിസിസി ആസ്ഥാനമായ ഇന്ദിരാ ഭവനിലെത്തി വീണ്ടും ചുമതലയേറ്റത്.

സ്ഥാനമേൽക്കുന്നതിനു മുന്പ് കെ. സുധാകരൻ മുതിർന്ന നേതാവ് എ. കെ. ആൻറണിയെ വീട്ടിൽ ചെന്നു കണ്ടു. അതേസമയം, ചടങ്ങിൽ നിന്ന് ആക്ടിംഗ് പ്രസിഡൻറ് എം. എം. ഹസൻ വിട്ടുനിന്നു.

കണ്ണൂർ ലോക്സഭ മണ്ഡലത്തിൽ സ്ഥാനാർഥിയായി നിശ്ചയിച്ചതിനെത്തുടർന്ന് പ്രസിഡൻറിൻറെ ചുമതല എം. എം. ഹസന് നൽകുകയായിരുന്നു. തെരഞ്ഞെടുപ്പ് കഴിഞ്ഞ് കഴിഞ്ഞയാഴ്ച അദ്ദേഹം ചുമതല തിരികെ ഏറ്റെടുക്കാനെത്തിയപ്പോഴാണ് തെരഞ്ഞെടുപ്പ് ഫലം വന്ന ശേഷം മാത്രം ചുമതല ഏറ്റാൽ മതിയെന്ന് ഹൈക്കമാൻഡ് നിർദേശിച്ചത്. കേരളത്തിൻറെ സംഘടനാ ചുമതലയുള്ള എഐസിസി ജനറൽ സെക്രട്ടറി ദീപാദാസ് മുൻഷിയാണ് ഇക്കാര്യം സുധാകരനെ അറിയിച്ചത്.

ഹൈക്കമാൻഡ് നിർദേശത്തിൽ സുധാകരൻ അതൃപ്തനായിരുന്നു. പ്രസിഡൻറ് സ്ഥാനത്തേക്ക് മടങ്ങി വന്ന് ചുമതലയേൽക്കാൻ അനുവദിക്കണമെന്നും അല്ലെങ്കിൽ കടുത്ത നടപടികളിലേക്കും താൻ നീങ്ങുമെന്നും സുധാകരൻ ഹൈക്കമാൻഡിനെ അറിയിച്ചിരുന്നു.

സുധാകരൻറെ മടങ്ങിവരവിന് എ. കെ. ആൻറണിയും ഇടപെട്ടുവെന്നാണ് ലഭിക്കുന്ന സൂചന. ഹൈക്കമാൻഡിനോട് എ. കെ. ആൻറണി സംസാരിച്ച് സുധാകരന് ചുമതല തിരികെ ഏൽക്കാൻ അനുവദിക്കണമെന്ന് നിർദേശിച്ചിരുന്നുവെന്നാണ് ലഭിക്കുന്ന വിവരം. ജീവിതകാലം മുഴുവൻ പാർട്ടിക്ക് വേണ്ടി ജീവിതം ഉഴിഞ്ഞ് വച്ച സുധാകരനെ അപമാനിക്കുന്ന നിലപാടിലേക്ക് പോകരുതെന്ന് എ. കെ. ആൻറണിയും ഹൈക്കമാൻഡിന് മുന്നിൽ നിലപാട് എടുത്തതോടെയാണ് സുധാകരൻറെ തിരിച്ച് വരവിന് കളമൊരുങ്ങിയതെന്നാണ് പാർട്ടിയിലെ ഉന്നത നേതാക്കളിൽനിന്നു ലഭിക്കുന്ന വിവരങ്ങൾ.

# ഡൊണാൾഡ് ട്രംപിനെതിരായ ക്രിമിനൽ വിചാരണ തുടങ്ങി

ന്യൂയോർക്ക്: അമേരിക്കൻ മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെതിരായ ക്രിമിനൽ വിചാരണ മാൻഹട്ടൻ കോടതിയിൽ തുടങ്ങി. അശ്ലീല ചലച്ചിത്ര നടി സ്റ്റോമി ഡാനിയൽസുമായുള്ള ലൈംഗിക ബന്ധവും ഇതു മറച്ചുവെക്കാനായി ഇവർക്ക് 2016ൽ കൈക്കൂലിനൽകിയെന്നുമുള്ള ആരോപണത്തിലാണ് ട്രംപ് വിചാരണ നേരിടുന്നത്. കേസ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ട്രംപ് നൽകിയ അപേക്ഷ കോടതി തള്ളിയിരുന്നു.

അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പ് നടക്കാനിരിക്കെയാണ് വിചാരണ നടപടികൾ ആരംഭിക്കുന്നതെന്നത് റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയായി പ്രൈമറി മത്സരരംഗത്തുള്ള ട്രംപിന് തിരിച്ചടിയാണ്. റിപ്പബ്ലിക്കൻ പ്രൈമറിയിൽ ട്രംപാണ് മുന്നിലുള്ളത്. വിചാരണ റദ്ദാക്കുകയോ വൈകിക്കുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ട് ട്രംപ് കോടതിയെ സമീപിച്ചിരുന്നു. എന്നാൽ ഇത് ജഡ്ജി ജുവാൻ മെക്കാൻ തള്ളുകയായിരുന്നു.

കോടതി ഉത്തരവുകൾ ലംഘിക്കുന്നത് തുടർന്നാൽ ട്രംപിനെ അറസ്റ്റ് ചെയ്യുമെന്നും ജസ്റ്റീസ് ജുവാൻ മെക്കാൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. നേരത്തെ സമൂഹമാധ്യമങ്ങളിലെ പ്രതികരണത്തിലൂടെ ട്രംപ് കോടതി ഉത്തരവ് ലംഘിച്ചതായി കണ്ടെത്തിയതിനെ തുടർന്ന് 9,000 ഡോളർ പിഴ ചുമത്തിയിരുന്നു.

സ്റ്റോമി ഡാനിയൽസുമായുള്ള ബന്ധം പുറത്തുവരാതിരിക്കാൻ 2016ലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിന് മുമ്പ് 1,30,000 ഡോളർ നൽകിയെന്നാണ് പരാതി. 2006ലെ ഒരു സെലിബ്രിറ്റി ടൂർണ്ണമെന്റിൽവെച്ചാണ് ട്രംപിനെ ഗോൾഫ് വസ്ത്രത്തിൽ ആദ്യമായി കാണുന്നതെന്നും പിന്നീട് ആ ബന്ധം വളരുകയായിരുന്നുവെന്നും സ്റ്റോമി കോടതിയിൽ വെളിപ്പെടുത്തി. എന്നാൽ ആരോപണങ്ങളെ അവഹേളനം എന്നാണ് ട്രംപിന്റെ അഭിഭാഷകൻ വിശേഷിപ്പിച്ചത്.

# ചുമതല ഏറ്റെടുക്കുമ്പോൾ ഹസൻെറ സാന്നിധ്യം ആവശ്യമായിരുന്നു: അതൃപ്തി പരസ്യമാക്കി കെ. സുധാകരൻ

തിരുവനന്തപുരം: കെപിസിസി പ്രസിഡൻറിൻറെ ചുമതല ഏറ്റെടുക്കുന്ന ചടങ്ങിൽ നിന്ന് ആക്ടിംഗ് പ്രസിഡൻറായ എം. എം. ഹസൻ വിട്ടുനിന്നതിൽ അതൃപ്തി പരസ്യമാക്കി കെ. സുധാകരൻ. തൻറെ സാന്നിധ്യം വേണ്ടെന്ന് അദ്ദേഹത്തിനു തോന്നിയിരിക്കും. എങ്കിലും ഹസൻറെ സാന്നിധ്യം ആവശ്യമായിരുന്നു എന്നു താൻ കരുതുന്നുവെന്നും സുധാകരൻ പറഞ്ഞു.

ഇതു ചാർജ് കൈമാറല്ല, പൊളിറ്റിക്കൽ പ്രോസസ് മാത്രമാണ്. രണ്ടും രണ്ടാണ്. എഐസിസി നിശ്ചയിച്ച പ്രകാരമാണ് താനിവിടെ വന്നിരിക്കുന്നത്. ഹസനും വന്നത് അങ്ങനെയാണെന്നും സുധാകരൻ കൂട്ടിച്ചേർത്തു.

എപ്പോൾ സ്ഥാനം ഒഴിയണമെന്ന് അവനവന് തീരുമാനിക്കാം. അതിൽ പാർട്ടിക്കകത്ത് സ്വാതന്ത്ര്യമുണ്ട്. അതിൽ തനിക്ക് പ്രയാസമില്ല. എന്തെങ്കിലും ഉണ്ടെങ്കിൽ ഹസനെ വിളിച്ചു ചോദിക്കും. ഹസൻ ചുമതല ഒഴിയാൻ വൈകിയത് പാർട്ടിയിൽ ചർച്ച ചെയ്യും. മാധ്യമങ്ങളോട് പറയേണ്ട വിഷയമല്ലെന്നും സുധാകരൻ വ്യക്തമാക്കി.

മാറിനിന്നപ്പോൾ അധ്യക്ഷ സ്ഥാനത്തുനിന്നും ഒഴിവാക്കാനുള്ള നീക്കം നടന്നോ എന്ന മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന്, സ്ഥാനാർഥിയാക്കി പറഞ്ഞയക്കാൻ പറ്റുന്ന ഒരാളല്ല താനെന്ന് എല്ലാവർക്കും അറിയാമെന്നായിരുന്നു മറുപടി.

സ്ഥാനാർഥി ആയപ്പോൾ അധ്യക്ഷസ്ഥാനം ഒഴിഞ്ഞത് ആലപ്പുഴയിൽ മത്സരിച്ച എഐസിസി ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാലിന് ബാധകമായിരുന്നില്ലേ എന്ന ചോദ്യത്തിന്, അല്ല എന്നായിരുന്നു സുധാകരൻറെ മറുപടി. രാജ്യത്തെ മൊത്തത്തിൽ നോക്കുന്ന കൂട്ടത്തിലേ കെ. സിക്ക് കേരളത്തെ നോക്കേണ്ടതുള്ളൂ. അതു ചെറിയ ഘടകമാണ്. സംസ്ഥാനത്തെ 20 സീറ്റുകളും നോക്കുക എന്നത് വലിയ ബർഡനാണ് എന്നും സുധാകരൻ പറഞ്ഞു.

താത്കാലിക പ്രസിഡൻറായുള്ള എം. എം. ഹസൻറെ പ്രവർത്തനം തൃപ്തികരമാണെന്ന് പറഞ്ഞ സുധാകരൻ, പാർട്ടിയിൽനിന്നും സസ്പെൻഡ് ചെയ്ത ആളുകളെ തിരിച്ചെടുത്തത് പുനഃപരിശോധിക്കുമെന്നും അറിയിച്ചു.

## കീം 2024: എൻജിനീയറിങ്, ഫാർമസി പ്രവേശനം പരീക്ഷാ തീയതി പ്രസിദ്ധീകരിച്ചു

202425 അധ്യയന വർഷത്തെ എൻജിനീയറിങ്, ഫാർമസി കോഴ്സിലേക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത (CBT) പരീക്ഷാ തീയതിയും സമയവും പ്രസിദ്ധീകരിച്ചു. എൻജിനീയറിങ് പരീക്ഷ ജൂൺ ആറു മുതൽ ഒമ്പതു വരെയും (സമയം രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്നു വരെ) ഫാർമസി പരീക്ഷ ഒമ്പതിന് വൈകിട്ട് 3.30 മുതൽ അഞ്ചുവരെയും നടക്കും. എൻജിനീയറിങ് പരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർഥികൾ രാവിലെ 7.30 നും ഫാർമസി പരീക്ഷയ്ക്ക് പങ്കെടുക്കുന്നവർ ഉച്ചയ്ക്ക് ഒരു മണിക്കും പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യണം. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0471 2525300

## മഴയ്ക്കൊപ്പം ചൂടും; സംസ്ഥാനത്ത് 10 ജില്ലകളിൽ താപനില മുന്നറിയിപ്പ്; ഒറ്റപ്പെട്ട മഴയ്ക്കും സാധ്യത

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും താപനില ഉയരുമെന്ന് മുന്നറിയിപ്പ്. പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ് എന്നിവിടങ്ങളൊഴികെ10 ജില്ലകളിലുമാണ് ജാഗ്രതാ മുന്നറിയിപ്പുള്ളത്. സാധാരണയെക്കാൾ രണ്ടു മുതൽ നാലു ഡിഗ്രി സെൽഷ്യസ് വരെ ചൂട് കൂടുതലാവാനാണ് സാധ്യത. പാലക്കാട് ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെ ഉയരും. കൊല്ലം, ആലപ്പുഴ, തൃശൂർ, കോഴിക്കോട് ജില്ലകളിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും, പത്തനംതിട്ട, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 37ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, മലപ്പുറം ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. അതേസമയം കൊടുംചൂടിന് ആശ്വാസമായി, സംസ്ഥാനത്ത് ഒറ്റപ്പെട്ട ഇടങ്ങളിൽ മഴ ലഭിക്കുമെന്നു കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. ഇടുക്കി, മലപ്പുറം ജില്ലകളിൽ മഴ മുന്നറിയിപ്പിൻറെ ഭാഗമായി യെല്ലോ അലർട്ടും പ്രഖ്യാപിച്ചു.

## ജെ. ഡി. സി അന്തിമ ലിസ്റ്റ്

സംസ്ഥാന സഹകരണ യൂണിയൻ, കേരളയുടെ നിയന്ത്രണത്തിൽ വിവിധ സഹകരണ പരിശീലന കേന്ദ്രം/ കോളേജുകളിൽ നടത്തുന്ന 202425 ജെ.ഡി.സി (ജൂനിയർ ഡിപ്ലോമ ഇൻ കോ ഓപ്പറേഷൻ) കോഴ്സിന്റെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. കൂടുതൽ വിവരങ്ങൾക്ക്: www.scu.kerala.gov.in .

# പുതിയ പാർട്ടി രൂപീകരണം: ജനതാദൾഎസ് നേതൃയോഗം ഇന്ന്

തിരുവനന്തപുരം: പുതിയ പാർട്ടി രൂപീകരണം ചർച്ചചെയ്യാൻ ജനതാദൾഎസിൻറെ നേതൃയോഗം ബുധനാഴ്ച ഉച്ചയ്ക്ക് രണ്ടരയ്ക്ക് തിരുവനന്തപുരത്ത് ചേരും. പ്രജ്ജ്വൽ രേവണ്ണ ഉൾപ്പെട്ട അശ്ലീല ദൃശ്യ വിവാദത്തിൻറെ പശ്ചാത്തലത്തിലാണ് പുതിയ നീക്കം. നേരത്തെ, ജെഡിഎസ് ബിജെപിക്ക് ഒപ്പം ചേർന്നപ്പോൾ തന്നെ ദേശീയ നേതൃത്വവുമായി ബന്ധമില്ലെന്ന് സംസ്ഥാന നേതാക്കൾ വ്യക്തമാക്കിയിരുന്നു. എന്നാൽ സംസ്ഥാനഘടകം ഇപ്പോഴും ദേശീയ പാർട്ടിയുടെ ഭാഗമാണ്. സംസ്ഥാന പാർട്ടി രൂപീകരിച്ച ശേഷം ഏതെങ്കിലും ദേശീയ പാർട്ടിയിൽ ലയിക്കണമെന്നാണ് നേതാക്കളുടെ ആലോചന. നേരിട്ട് ദേശീയ പാർട്ടിയുടെ ഭാഗമാകണമെന്ന അഭിപ്രായമുള്ളവരുമുണ്ട്. ഇടതുമുന്നണിയിലെ ചെറു പാർട്ടികൾ ഒറ്റ പാർട്ടിയായി മാറണമെന്ന നിർദേശവും ചർച്ചയാകും.

ജനതാദൾഎസ്, എൻസിപി, കേരള കോൺഗ്രസ് ബി, ആർഎസ്പി ലെനിനിസ്റ്റ് പാർട്ടികളുടെ ലയനം ആണ് പരിഗണയിൽ. കൂറുമാറ്റ നടപടി ഉള്ളതിനാൽ മന്ത്രി കെ. കൃഷ്ണൻകുട്ടിയും മാത്യു ടി. തോമസ് എംഎൽഎയും പുതിയ പാർട്ടിയിൽ അംഗത്വം എടുത്തേക്കില്ല.

## കൈപ്പത്തി ചിഹ്നം മരവിപ്പിക്കണമെന്നാവശ്യപ്പെട്ട് തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി

ന്യൂഡൽഹി: കോൺഗ്രസിൻറെ കൈപ്പത്തി ചിഹ്നം മരവിപ്പിക്കണമെന്നാവശ്യപ്പെട്ട് തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി. സുപ്രീം കോടതി അഭിഭാഷകനും ബിജെപി നേതാവുമായ അശ്വിനി കുമാർ ഉപാധ്യായയാണ് പരാതി ൻൽകിയത്.

മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർക്കാണ് പരാതി നൽകിയത്. മനുഷ്യ ശരീരത്തിൻറെ ഭാഗമായ ഏക തെരഞ്ഞെടുപ്പ് ചിഹ്നമാണ് കൈപ്പത്തി. ഇത് ഒരിക്കലും മാറ്റിവയ്ക്കാൻ കഴിയാത്തതാണെന്നും പരാതിയിൽ പറയുന്നത്.

പോളിംഗ് ബൂത്തിൻറെ 100 മീറ്റർ പരിധിയിൽ യാതൊരു വിധി പ്രചാരണവും പാടില്ല. ഈ സാഹചര്യത്തിൽ ചിഹ്നം വോട്ടർമാരെ വോട്ടെടുപ്പ് നടക്കുമ്പോൾ പോലും സ്വാധീനിക്കാൻ കഴിയുന്നതാണെന്നും പരാതിയിൽ പറയുന്നു

## പുതിയ പാർട്ടി രൂപീകരണം: ജനതാദൾഎസ് നേതൃയോഗം ഇന്ന്

തിരുവനന്തപുരം: പുതിയ പാർട്ടി രൂപീകരണം ചർച്ച ചെയ്യാൻ ജനതാദൾഎസിൻറെ നേതൃയോഗം ബുധനാഴ്ച ഉച്ചയ്ക്ക് രണ്ടരയ്ക്ക് തിരുവനന്തപുരത്ത് ചേരും. പ്രജ്ജ്വൽ രേവണ്ണ ഉൾപ്പെട്ട അശ്ലീല ദൃശ്യ വിവാദത്തിൻറെ പശ്ചാത്തലത്തിലാണ് പുതിയ നീക്കം. നേരത്തെ, ജെഡിഎസ് ബിജെപിക്ക് ഒപ്പം ചേർന്നപ്പോൾ തന്നെ ദേശീയ നേതൃത്വവുമായി ബന്ധമില്ലെന്ന് സംസ്ഥാന നേതാക്കൾ വ്യക്തമാക്കിയിരുന്നു. എന്നാൽ സംസ്ഥാനഘടകം ഇപ്പോഴും ദേശീയ പാർട്ടിയുടെ ഭാഗമാണ്. സംസ്ഥാന പാർട്ടി രൂപീകരിച്ച ശേഷം ഏതെങ്കിലും ദേശീയ പാർട്ടിയിൽ ലയിക്കണമെന്നാണ് നേതാക്കളുടെ ആലോചന. നേരിട്ട് ദേശീയ പാർട്ടിയുടെ ഭാഗമാകണമെന്ന അഭിപ്രായമുള്ളവരുമുണ്ട്. ഇടതുമുന്നണിയിലെ ചെറു പാർട്ടികൾ ഒറ്റ പാർട്ടിയായി മാറണമെന്ന നിർദേശവും ചർച്ചയാകും.

ജനതാദൾഎസ്, എൻസിപി, കേരള കോൺഗ്രസ് ബി, ആർഎസ്പി ലെനിനിസ്റ്റ് പാർട്ടികളുടെ ലയനം ആണ് പരിഗണയിൽ. കൂറുമാറ്റ നടപടി ഉള്ളതിനാൽ മന്ത്രി കെ. കൃഷ്ണൻകുട്ടിയും മാത്യു ടി. തോമസ് എംഎൽഎയും പുതിയ പാർട്ടിയിൽ അംഗത്വം എടുത്തേക്കില്ല.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ‘തെക്കേ ഇന്ത്യക്കാർ ആഫ്രിക്കക്കാരെ പോലെ, കിഴക്ക് ചൈനാക്കാരനെ പോലെ’; കോൺഗ്രസിനെ വെട്ടിലാക്കി സാം പിത്രോദ

ന്യൂഡൽഹി: വിവാദപരാമർശങ്ങളിലൂടെ പാർട്ടിയെ വെട്ടിലാക്കി ഓവർസീസ് കോൺഗ്രസ് അധ്യക്ഷൻ സാം പിത്രോദ. വടക്കുകിഴക്കൻ മേഖലയിലുള്ളവർ ചൈനക്കാരെ പോലെയും തെക്കേ ഇന്ത്യയിലുള്ളവർ ആഫ്രിക്കക്കാരെ പോലെയുമാണെന്നുമാണ് സാം പിത്രോദ അഭിപ്രായപ്പെട്ടത്.

ഇന്ത്യയുടെ വൈവിധ്യങ്ങളെ കുറിച്ചുള്ള ഒരു ഇംഗ്ലീഷ് മാധ്യമത്തിൻറെ ചോദ്യത്തിനാണ് അദ്ദേഹം വിവാദപരമായ മറുപടി നൽകിയത്. പടിഞ്ഞാറുള്ളവർ അറബികളെ പോലെയും വടക്കുള്ളവർ യൂറോപ്പുകാരെ പോലെയും ആണെന്നും പിത്രോദ പറഞ്ഞിരുന്നു.

പിത്രോദയുടെ പ്രസ്താവനയ്ക്കെതിരേ പ്രധാനമന്ത്രി നരേന്ദ്ര മോദിയടക്കം വിവിധ നേതാക്കൾ പ്രതിഷേധവുമായി രംഗത്തെത്തി. പിത്രോദ തെക്കേ ഇന്ത്യക്കാരെ നിറത്തിൻറെ പേരിൽ അധിക്ഷേപിച്ചുവെന്നും ചർമ്മത്തിൻറെ നിറമാണോ പൗരത്വം നിർണയിക്കുന്നതെന്നും മോദി ചോദിച്ചു. കറുത്ത നിറമുള്ള കൃഷ്ണനെ ആദരിക്കുന്നവരാണ്. പിത്രോദയുടെ പ്രസ്താവനയിൽ രാഹുൽ മറുപടി പറയണമെന്നും മോദി പറഞ്ഞു.

ഇത് വംശീയപരവും രാജ്യത്തെ ഭിന്നിപ്പിക്കുന്നതുമാണെന്ന് ബിജെപി നേതാവും നടിയും ലോക്സഭ സ്ഥാനാർഥിയുമായ കങ്കണ റണാവത്ത് പ്രതികരിച്ചു. പിത്രോദയ്ക്കെതിരേ കേസ് എടുക്കുമെന്ന് ആസം മുഖ്യമന്ത്രി ഹിമന്ത് ബിശ്വാസ് ശർമയും മണിപ്പൂർ മുഖ്യമന്ത്രി ബീരേൻ സിംഗും പ്രതികരിച്ചു. അദ്ദേഹത്തിൻറെ പ്രസ്താവനയോട് യോജിക്കുന്നില്ലെന്ന് ശിവസേന യുബിടി നേതാവ് പ്രിയങ്ക ചതുർവേദി വ്യക്തമാക്കി. പിത്രോദയുടെ പ്രസ്താവന കോൺഗ്രസും തള്ളി. പരാമർശം നിർഭാഗ്യകരമാണെന്നും കോൺഗ്രസിൻറെ നിലപാട് അല്ലെന്നും ജയറാം രമേശ് വ്യക്തമാക്കി.

നേരത്തെ, അമേരിക്കയിലേതുപോലെ ഇന്ത്യയിലും പാരമ്പര്യ സ്വത്തിന് നികുതി ഏർപ്പെടുത്തണമെന്ന പിത്രോദയുടെ പ്രസ്താവനയും വലിയ വിവാദമായിരുന്നു.

# കേജരിവാളിൻറെ ജാമ്യ ഹർജിയിൽ കോടതി വെള്ളിയാഴ്ച ഉത്തരവിറക്കും

ന്യൂഡൽഹി: മദ്യനയ കേസിൽ ജയിലിൽ കഴിയുന്ന ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജരിവാളിൻറെ ജാമ്യ ഹ!ർജിയിൽ വെള്ളിയാഴ്ച ഉത്തരവുണ്ടാകും. ജസ്റ്റിസ് സഞ്ജീവ് ഖന്ന അധ്യക്ഷനായ ബെഞ്ചാകും ഇടക്കാല ജാമ്യം സംബന്ധിച്ച ഉത്തരവ് ഇറക്കുക.

ഇഡിയുടെ അറസ്റ്റ് ചോദ്യംചെയ്താണ് കേജരിവാൾ സുപ്രീംകോടതിയിൽ ഹർജി നൽകിയിരിക്കുന്നത്. അറസ്റ്റ് നിയമവിരുദ്ധമാണെന്നും ജാമ്യം അനുവദിക്കണമെന്നും കേജരിവാൾ ഹർജിയിൽ ആവശ്യപ്പെടുന്നു.ഇന്നലെ ഹർജി പരിഗണിച്ച സുപ്രീംകോടതി ഇടക്കാലജാമ്യം അനുവദിച്ചില്ല. ജാമ്യം ലഭിച്ചാൽ കേജരിവാൾ മുഖ്യമന്ത്രിയുടെ ചുമതല വഹിക്കരുതെന്നും ജസ്റ്റീസ് സഞ്ജീവ് ഖന്ന, ദീപാങ്കർ ദത്ത എന്നിവരുൾപ്പെട്ട ബെഞ്ച് നിർദേശിച്ചു.

തെരഞ്ഞെടുപ്പു പ്രചാരണത്തിനായി ഇടക്കാലജാമ്യം നൽകിയാൽ മുഖ്യമന്ത്രിയുടെ ചുമതല വഹിക്കരുത്. മുഖ്യമന്ത്രിയുടെ ചുമതല വഹിച്ചാൽ അതു കലഹത്തിലേക്ക് നയിക്കുമെന്നും കേജരിവാളിൻറെ അഭിഭാഷകൻ അഭിഷേക് മനു സിംഗ്‌വിയോട് സുപ്രീംകോടതി വ്യക്തമാക്കി. ഇടക്കാലജാമ്യം അനുവദിക്കുന്നതു സംബന്ധിച്ച് വീണ്ടും പരിഗണിക്കാമെന്നും കോടതി അറിയിച്ചു.

ഇടക്കാലജാമ്യം അനുവദിക്കരുതെന്ന് ഇഡിക്കുവേണ്ടി ഹാജരായ സോളിസിറ്റർ ജനറൽ തുഷാർ മേത്ത ആവശ്യപ്പെട്ടു. മുഖ്യമന്ത്രിയും സാധാരണ പൗരനും തമ്മിൽ വ്യത്യാസമൊന്നുമില്ല. ഒന്നര വർഷമായി ഇഡി കേജരിവാളിനെതിരേ നടപടി സ്വീകരിച്ചില്ല. ഇപ്പോൾ തെരഞ്ഞെടുപ്പു പ്രചാരണത്തിൻറെ പേരിൽ ജാമ്യം അനുവദിക്കുന്നത് ശരിയല്ല.അഴിമതി നടത്തിയ വ്യക്തിയാണ് കേജരിവാളെന്നും സോളിസിറ്റർ ജനറൽ ചൂണ്ടിക്കാട്ടി. തെരഞ്ഞെടുപ്പ് ചൂണ്ടിക്കാട്ടി കേജരിവാളിന് ജാമ്യം നൽകിയാൽ മറ്റുള്ളവരും ഈ ആവശ്യവുമായി രംഗത്തെത്തുമെന്നും സോളിസിറ്റർ ജനറൽ പറഞ്ഞു.

# കോവിഷീൽഡ് വാക്സിൻ പിൻവലിച്ച് അസ്ട്രാസെനക; ഉത്പാദനവും വിതരണവും നിർത്തി

ന്യൂഡൽഹി: പാർശ്വഫലങ്ങളുണ്ടെന്ന പരാതികൾ വ്യാപകമാകുന്നതിനിടെ കോവിഡ് വാക്സിൻ പിൻവലിച്ച് നിർമാണക്കമ്പനിയായ ‘അസ്ട്രാസെനക’. കമ്പനിയുടെ കോവിഷീൽഡ് വാക്സിൻറെ ഉത്പാദനവും വിതരണവും പൂർണമായി അവസാനിപ്പിക്കുകയാണെന്നു കമ്പനി അറിയിച്ചതായി ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

മാർക്കറ്റിൽ അവശേഷിക്കുന്ന സ്റ്റോക്ക് തിരിച്ചെടുക്കാനും തീരുമാനമായതായി പറയുന്നു. ഓക്സ്ഫഡ് സർവകലാശാലയുമായി ചേർന്ന് അസ്ട്രാസെനക വികസിപ്പിച്ച വാക്സിനാണ് കോവിഷീൽഡ്. ഇന്ത്യയിൽ ഏറ്റവുമധികം പേർക്ക് നൽകിയതു കോവിഷീൽഡ് വാക്സിൻ ആണ്.

കോവിഡ് ഷീൽഡ് വാക്സിൻ സ്വീകരിച്ച യുകെയിൽനിന്നുള്ള ജാമി സ്കോട്ട് എന്നയാൾ ആരോഗ്യ പ്രശ്നങ്ങളുണ്ടായെന്നു ചൂണ്ടിക്കാട്ടി കോടതിയെ സമീപിച്ചതോടെ വാക്സിനെക്കുറിച്ച് ആശങ്കകൾ ഉയർന്നിരുന്നു. ജാമി സ്കോട്ടിൻറെ പരാതിയെ ശരിവയ്ക്കുന്ന മറുപടിയാണ് കമ്പനി കോടതിയിൽ നൽകിയത്.

കോവിഷീൽഡ് വാക്സീൻ എടുത്തവരിൽ അപൂർവം പേരിൽ രക്തം കട്ട പിടിക്കുന്ന രോഗം ഉണ്ടാകാനും പ്ലേറ്റ്ലറ്റിൻറെ എണ്ണം കുറയാനും സാധ്യതയുണ്ടെന്നും കമ്പനി കോടതിയിൽ സമ്മതിച്ചിരുന്നു.

അതേസമയം പാർശ്വഫലങ്ങൾ ഉള്ളതുകൊണ്ടല്ല വാക്സിൻ പിൻവലിക്കുന്നതെന്നാണു കന്പനി വിശദീകരിക്കുന്നത്. വളരെയധികം വാക്സിനുകൾ മാർക്കറ്റിലുണ്ട്, തങ്ങളുടെ വിൽപന കുത്തനെ കുറഞ്ഞുപോയിരിക്കുന്നു, അതിനാലാണ് പിൻവലിക്കുന്നതെന്നും കമ്പനി അധികൃതർ പറയുന്നു.

# ഗുജറാത്തിൽ ആയിരത്തോളം ആളുകൾ വോട്ടിംഗ് ബഹിഷ്ക്കരിച്ചു

അഹമ്മദാബാദ്: ഗുജറാത്തിലെ മൂന്ന് ഗ്രാമങ്ങളിൽ നിന്നായി ആയിരത്തോളം വോട്ടർമാർ ചൊവ്വാഴ്ച നടന്ന ലോക്സഭാ തെരഞ്ഞെടുപ്പ് വോട്ടെടുപ്പ് ബഹിഷ്കരിച്ചു.

ബറൂച്ച് ജില്ലയിലെ കേസർ ഗ്രാമം, സൂറത്ത് ജില്ലയിലെ സനാധര, ബനസ്കന്ത ജില്ലയിലെ ഭഖാരി എന്നിവിടങ്ങളിലെ വോട്ടർമാർ വോട്ടെടുപ്പ് പൂർണമായും ബഹിഷ്കരിച്ചപ്പോൾ ജുനഗഡ് ജില്ലയിലെ ഭട്ഗാം ഗ്രാമത്തിലെയും ബോഡോളിയിലെയും വോട്ടർമാർ മഹിസാഗർ ജില്ലയിലെ കുഞ്ജര ഗ്രാമവാസികൾ വോട്ടിംഗ് ഭാഗികമായും ബഹിഷ്കരിച്ചു. 320 വോട്ടർമാരുള്ള സനാധര ഗ്രാമം ബർദോലി മണ്ഡലത്തിന് സീറ്റിന് കീഴിലാണ്. പ്രാദേശിക ഭരണകൂടവും രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും വോട്ടവകാശം വിനിയോഗിക്കാൻ ഇവരെ കഴിവതും പ്രേരിപ്പിച്ചെങ്കിലും ആരും വഴങ്ങിയില്ല.

പടാൻ മണ്ഡലത്തിൽ ഉൾപ്പെടുന്ന ബഖ്രി ഗ്രാമത്തിലെ 300 ഓളം വോട്ടർമാരും തങ്ങളുടെ ഗ്രാമപഞ്ചായത്ത് വിഭജിച്ചതിൽ പ്രതിഷേധിച്ച് കൂട്ടമായി വോട്ടെടുപ്പ് ബഹിഷ്കരിക്കാൻ തീരുമാനിച്ചു. അനുനയിപ്പിച്ചിട്ടും വോട്ടവകാശം വിനിയോഗിക്കില്ലെന്ന തീരുമാനത്തിൽ അവർ ഉറച്ചുനിന്നു.

രാവിലെ മുതൽ പോളിംഗ് ഒരുക്കങ്ങൾ നടത്തിയെങ്കിലും പോളിംഗ് ഓഫീസർമാർ കാത്തുനിന്നിട്ടും ഗ്രാമവാസികൾ വോട്ടുചെയ്യാൻ എത്തിയില്ല. ഭാരതീയ ജനതാ പാർട്ടി (ബിജെപി) സ്ഥാനാർഥി ഭാരതസിൻഹ് ദാഭി ഗ്രാമത്തിലെത്തി വോട്ട് രേഖപ്പെടുത്താൻ ഇവരോട് ആവശ്യപ്പെട്ടിട്ടും ആരും തയാറായില്ല.

ബറൂച്ച് ജില്ലയിലെ കേസർ ഗ്രാമത്തിലെ 350 ഓളം വോട്ടർമാരും വോട്ട് ചെയ്യില്ലെന്ന തീരുമാനത്തിൽ ഉറച്ചുനിന്നു. വൈകുന്നേരമായിട്ടും ഒരു വോട്ട് പോലും രേഖപ്പെടുത്തിയില്ല.

ഗുജറാത്തിൽ ഇതാദ്യമായല്ല ജനങ്ങൾ വോട്ടെടുപ്പ് ബഹിഷ്കരിക്കുന്നത്. പുഴയ്ക്ക് കുറുകെ പാലം പണിയണമെന്ന ഇവരുടെ ആവശ്യം സർക്കാർ നടപ്പാക്കാത്തതിനാൽ മുൻപും ഇവർ ഇപ്രകാരം ചെയ്തിട്ടുണ്ടെന്ന് നാട്ടുകാർ പറഞ്ഞു.

ഗുജറാത്തിലെ ആകെയുള്ള 26 ലോക്സഭാ സീറ്റുകളിൽ 25 എണ്ണത്തിലേക്കാണ് ചൊവ്വാഴ്ച ഒറ്റഘട്ടമായി വോട്ടെടുപ്പ് നടന്നത്.

# ഡെങ്കിപ്പനി വ്യാപന സാധ്യത, വരുന്ന ഞായറാഴ്ച വീടുകളിൽ ഡ്രൈ ഡേ ആചരിക്കണം: മന്ത്രി വീണാ ജോർജ്

## മഴ വരുന്നത് മുന്നിൽ കണ്ട് കൊതുകിന്റെ ഉറവിട നശീകരണം ശക്തമാക്കണം

സംസ്ഥാനത്ത് ഇടവിട്ട് മഴ പെയ്യാൻ സാധ്യതയുള്ളതിനാൽ ഡെങ്കിപ്പനി വ്യാപന സാധ്യത മുന്നിൽ കണ്ട് ഈ വരുന്ന ഞായറാഴ്ച വീടുകളിൽ ഡ്രൈ ഡേ ആചരിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. വ്യക്തികളും സ്ഥാപനങ്ങളും ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരിക്കേണ്ടതാണ്. തദ്ദേശ സ്ഥാപനങ്ങളും ജില്ലാ ഭരണകൂടങ്ങളും ഇത് ഉറപ്പാക്കണം. ഉറവിട നശീകരണമാണ് ഡെങ്കി/ ചിക്കുൻഗുനിയ/ സിക്ക പനികളെ തടയാനുള്ള പ്രധാന മാർഗം. വീടിനും സ്ഥാപനത്തിനും അകത്തും പുറത്തും അൽപം പോലും വെള്ളം കെട്ടി നിർത്താതെ നോക്കുകയാണ് പ്രധാനം. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം. കൊതുക് വളരാൻ സാധ്യതയുള്ള ഇടങ്ങൾ കണ്ടെത്തി അതിനുള്ള സാധ്യത ഇല്ലാതെയാക്കണം. പ്ലാസ്റ്റിക്കോ ചിരട്ടയോ അലക്ഷ്യമായി ഇടരുത്. റബ്ബർ പ്ലാന്റേഷനിലെ കറ ശേഖരിക്കുന്ന പാത്രങ്ങൾ/ ചിരട്ടകൾ എന്നിവ ഉപയോഗിക്കാത്ത അവസരങ്ങളിൽ കമിഴ്ത്തി വയ്ക്കുകയോ അവയിൽ മഴവെള്ളം കെട്ടി നിൽക്കാനുള്ള അവസരങ്ങൾ ഇല്ലാതെയാക്കുകയോ വേണം.

സ്വന്തം അധീനതയിൽ അല്ലാത്ത ഇടങ്ങളിൽ കൊതുക് വളരുന്ന സാഹചര്യങ്ങൾ, കേരള പൊതുജനാരോഗ്യ നിയമപ്രകാരമുള്ള നടപടികൾ ആരംഭിക്കുന്നതിനായി തൊട്ടടുത്തുള്ള പ്രാഥമിക/ കുടുംബ ആരോഗ്യ കേന്ദ്രത്തിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെയോ മെഡിക്കൽ ഓഫീസറുടെ ശ്രദ്ധയിൽ കൊണ്ടുവരണം. ആക്രി സാധനങ്ങൾ മൂടി സൂക്ഷിക്കുക. ശേഖരിച്ച് വയ്ക്കുന്ന വെള്ളം അടച്ച് സൂക്ഷിക്കുക. ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജില്ലാ ഭരണകൂടങ്ങളും ഏകോപിപ്പ് പ്രവർത്തിക്കണം. കേരള പൊതുജനാരോഗ്യ നിയമമനുസരിച്ച് യോഗം ചേർന്ന് കൃത്യമായ പ്രവർത്തനങ്ങൾ നടത്തണമെന്നും മന്ത്രി പറഞ്ഞു.

മുതിർന്നവരെയും കുട്ടികളെയും ഒരുപോലെ ബാധിക്കുന്ന രോഗമാണ് ഡെങ്കിപ്പനി. ഡെങ്കിപ്പനിയുടെ രോഗ ലക്ഷണങ്ങൾ സാധാരണ വൈറൽപ്പനിയിൽ നിന്ന് വ്യത്യസ്തമല്ലാത്തതിനാൽ പലപ്പോഴും ഡെങ്കിപ്പനി തിരിച്ചറിയാൻ വൈകുന്നു. പെട്ടെന്നുള്ള കഠിനമായ പനിയാണ് തുടക്കം. ആരംഭത്തിൽ തലവേദന, പേശിവേദന, വിശപ്പില്ലായ്മ, മനം പുരട്ടൽ, ഛർദി, ക്ഷീണം, തൊണ്ടവേദന, ചെറിയ ചുമ തുടങ്ങിയ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നു. അതിശക്തമായ നടുവേദന, കണ്ണിനു പുറകിൽ വേദന എന്നിവ ഡെങ്കിപ്പനിയോടൊപ്പം ഉണ്ടാവാം. നാലഞ്ചു ദിവസത്തിനുള്ളിൽ ദേഹത്തങ്ങിങ്ങായി ചുവന്നു തിണർത്ത പാടുകൾ കാണാൻ സാധ്യതയുണ്ട്. മേൽ പറഞ്ഞ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ ഡോക്ടറെ കാണുക, സ്വയം ചികിത്സ പാടില്ല. വീട്ടിൽ ആർക്കെങ്കിലും ഡെങ്കിപ്പനി വന്നാൽ അത് ആരോഗ്യപ്രവർത്തകരുടെയോ ആശാ വർക്കർമാരുടെയോ ശ്രദ്ധയിൽ കൊണ്ടുവരിക. പ്രദേശത്ത് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന് ഇത് സഹായിക്കും.

കൊതുകിനെ സൂക്ഷിക്കുക

ഡെങ്കിപ്പനിയ്ക്കെതിരായ പ്രതിരോധ നടപടികൾക്ക് വളരെ പ്രാധാന്യമുണ്ട്. കൊതുകിൽ നിന്നും സംരക്ഷണം നേടുക എന്നതാണ് ഡെങ്കിപ്പനിയുടെ ഏറ്റവും വലിയ പ്രതിരോധ മാർഗം. ഇക്കാര്യത്തിൽ എല്ലാവരും വളരെയേറെ ശ്രദ്ധിക്കേണ്ടതുണ്ട്. ഡെങ്കിപ്പനി ബാധിച്ചയാളെ കൊതുകുവലയ്ക്കുള്ളിൽ മാത്രം കിടത്തുവാൻ ശ്രദ്ധിക്കുക. കുഞ്ഞുങ്ങളെ നിർബന്ധമായും കൊതുകുവലയ്ക്കുള്ളിൽ തന്നെ കിടത്തണം.

കൊതുക് കടിയിൽ നിന്നും രക്ഷനേടാൻ കൈകളും കാലുകളും നന്നായി മൂടുന്ന വസ്ത്രം ധരിക്കുക. കൊതുകുതിരികൾ, തൊലിപ്പുറത്ത് പുരട്ടുന്ന ലേപനങ്ങൾ എന്നിവയെല്ലാം കൊതുക് കടിയിൽ നിന്നും ഒരു പരിധിവരെ സംരക്ഷണം നൽകും. എന്നാൽ കൊതുക് വളരുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കാതിരിക്കുക എന്നതിനാണ് ഏറ്റവും പ്രാധാന്യം. കൊതുകുകൾ ഏറ്റവും അധികം വ്യാപരിക്കുന്ന രാവിലെയും വൈകുന്നേരവുമുള്ള സമയത്ത് വിടിന് ഉൾഭാഗം പുകച്ചതിനു ശേഷം ജനലും വാതിലും അടച്ചിടുന്നത് കൊതുക് ശല്യം കുറയ്ക്കാൻ ഉപകരിക്കും.

ധാരാളം വെള്ളം കുടിക്കുക

ചെറിയ പനി വന്നാൽ പോലും ധാരാളം പാനീയങ്ങൾ കുടിക്കുക. ക്ഷീണം മാറാനും നിർജലീകരണം ഒഴിവാക്കാനും പാനീയങ്ങൾ ഏറെ സഹായിക്കും. തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കാൻ ശ്രദ്ധിക്കുക. ചികിത്സ തേടിയ ശേഷം പൂർണമായി വിശ്രമിക്കുക. മൂന്ന് ദിവസത്തിൽ കൂടുതൽ നീണ്ടു നിൽക്കുന്ന പനിയാണെങ്കിൽ വിദഗ്ധ ചികിത്സ തേടേണ്ടതാണ്.

# അച്ചടക്ക ലംഘനം; അരുണാചലിൽ 27 നേതാക്കളെ ബിജെപിയിൽ നിന്നും പുറത്താക്കി

ഇറ്റാനഗർ: അരുണാചൽപ്രദേശിൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഔദ്യോഗിക സ്ഥാനാർഥികൾക്കെതിരെ മത്സരിച്ചതിന് 27 നേതാക്കളെ പാർട്ടിയിൽ നിന്നും ബിജെപി പുറത്താക്കി. അരുണാചൽ ബിജെപി ഘടകം ചൊവ്വാഴ്ചയാണ് ഇവർക്കെതിരെ നടപടി സ്വീകരിച്ചത്.

നേതാക്കളെ ആറ് വർഷത്തേക്ക് പുറത്താക്കിയതായി പാർട്ടി സംസ്ഥാന അച്ചടക്ക നടപടി കമ്മിറ്റി ചെയർമാൻ താര് തരക് പറഞ്ഞു. പുറത്താക്കപ്പെട്ടവർ മേഘാലയ മുഖ്യമന്ത്രി കോൺറാഡ് കെ. സാംഗ്മയുടെ നേതൃത്വത്തിലുള്ള നാഷണൽ പീപ്പിൾസ് പാർട്ടി, നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി, പീപ്പിൾസ് പാർട്ടി ഓഫ് അരുണാചൽ എന്നീ പാർട്ടി സ്ഥാനാർഥികളായാണ് മത്സരിച്ചത്. ചിലർ സ്വതന്ത്ര സ്ഥാനാർഥികളായും മത്സരിച്ചു.

ദിരാംഗിൽ നിന്ന് മത്സരിച്ച യെഷി സെവാംഗ്, വാംഗ്ഡി ദോർജി ഖിർമേ (കലക്താംഗ്), ടെൻസിംഗ് നിമ്യ ഗ്ലോ (ത്രിസിനോബുറഗാവ്), നബാം വിവേക് (ദോയിമുഖ്), മയൂ ടാറിംഗ് (പാലിൻ), ഡിക്റ്റോ യെക്കർ (ഡപ്പോറിജോ), മുർട്ടെം (രാഗം), തബ ഡോണി (ഡുംപോറിജോ) ഗോകർ ബസാർ (ബസാർ), ജർക്കർ ഗാംലിൻ എന്നിവർ പുറത്താക്കപ്പെട്ട പ്രമുഖരിൽ ചിലരാണ്.

# ഭർത്താവിനെ കൈയും കാലും കെട്ടിയിട്ട് പൊള്ളിച്ചു, കഴുത്ത് ഞെരിച്ച് കൊല്ലാൻ ശ്രമം; യുവതി അറസ്റ്റിൽ

ലക്നോ: ഉത്തർപ്രദേശിൽ ഭർത്താവിനെ കൈയും കാലും കെട്ടിയിട്ട് സിഗരറ്റ് കൊണ്ട് പൊള്ളിക്കുകയും കഴുത്ത് ഞെരിച്ച് കൊലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്ത യുവതിയെ പോലീസ് അറസ്റ്റ് ചെയ്തു.

ബിജ്നോറിലാണ് സംഭവം. മെഹർ ജഹാൻ തന്നെ ശാരീരികമായി ഉപദ്രവിച്ചതായി മനൻ സെയ്ദിയാണ് പോലീസിൽ പരാതി നൽകിയത്. മയക്കുമരുന്ന് കലർത്തിയ പാനീയം നൽകി മയക്കിക്കിടത്തിയ ശേഷമാണ് മനൻ സെയ്ദിയുടെ കൈകാലുകൾ കെട്ടിയിട്ടത്.

തുടർന്ന് ശരീരത്തിൻറെ വിവിധ ഭാഗങ്ങളിൽ സിഗരറ്റ് ഉപയോഗിച്ച് പൊള്ളലേൽപ്പിച്ചു എന്നാണ് പരാതിയിൽ പറയുന്നത്. യുവാവിൻറെ ദേഹത്ത് കയറിയിരുന്നു മെഹർ ജഹാൻ കഴുത്തുഞെരിച്ച് കൊലപ്പെടുത്താൻ ശ്രമിക്കുന്നത് അടക്കമുള്ള സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. സിഗരറ്റ് ഉപയോഗിച്ച് പൊള്ളലേൽപ്പിക്കുന്നതും ദൃശ്യങ്ങളിൽ കാണാം.

ഒരു വർഷം മുൻപായിരുന്നു ഇരുവരുടെയും വിവാഹം. കല്യാണത്തിന് ശേഷം കുടുംബത്തെ ഉപേക്ഷിച്ച് മാറി താമസിക്കാൻ ഭർത്താവിനെ മെഹർ ജഹാൻ നിർബന്ധിച്ചിരുന്നതായും പതിവായി ഭാര്യ യുവാവിനെ ഉപദ്രവിച്ചിരുന്നതായും പോലീസ് പറയുന്നു.

കൊലപാതകശ്രമം, ആക്രമണം, പീഡനം തുടങ്ങി വിവിധ വകുപ്പുകൾ പ്രകാരമാണ് മെഹറിനെതിരെ കേസ് എടുത്തിട്ടുള്ളത്. കേസിൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണെന്ന് പോലീസ് സൂപ്രണ്ട് ധരംപാൽ സിംഗ് പറഞ്ഞു.

# കുടുംബശ്രീ യൂണിറ്റുകൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ

കുടുംബശ്രീ മിഷന്റെ സംസ്ഥാന ജില്ലാ ഓഫീസുകളെയും കീഴ്ഘടകങ്ങളെയും വിവരാവകാശ നിയമത്തിന്റെ പരിധിയിൽപ്പെടുത്തി സംസ്ഥാന വിവരാവകാശ കമ്മിഷണർ എ.എ. ഹക്കിം ഉത്തരവായി. ഇതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ മിഷന്റെ എല്ലാ ഓഫീസുകളിലും യൂണിറ്റുകളിലും വിവരാവകാശ ഓഫീസർമാരെ നിയോഗിച്ച് മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചു. ഇതോടെ വിവരാവകാശ നിയമ പ്രകാരം ഇനി കുടുംബശ്രീ യൂണിറ്റുകളിലും അപേക്ഷ നൽകാം. അപേക്ഷകളുടെ പ്രാധാന്യമനുസരിച്ച് 48 മണിക്കൂറിനകമോ 29 ദിവസത്തിനകമോ മറുപടി ലഭിക്കും. സാധാരണ ഫയലുകളിൽ അഞ്ച് ദിവസത്തിനകം നടപടി ആരംഭിക്കും. ഇതിന്മേൽ പരാതിയുണ്ടെങ്കിൽ ഏതൊരാൾക്കും കുടുംബശ്രീ മിഷൻ ജില്ലാ കോഓർഡിനേറ്റർക്ക് അപ്പീൽ നല്കാം. അവിടെനിന്നും വിവരം കിട്ടിയില്ലെങ്കിൽ വിവരാവകാശ കമ്മിഷനെ സമീപിക്കാം.മലപ്പുറം ജില്ലയിൽ സി.ഡി.എസ് യൂണിറ്റുകൾ സ്ഥാപിക്കാൻ മുൻകൈപ്രവർത്തനം നടത്തിയിരുന്ന കുളത്തൂർ മൊയ്തീൻകുട്ടിമാഷിന്റെ അപേക്ഷ തീർപ്പാക്കവേയാണ് എല്ലാ യൂണിറ്റുകളെയും നിയമത്തിന്റെ പരിധിയിൽ വരുത്തി ഉത്തരവായത്. കുടുംബശ്രീ മിഷന്റെ ഭരണ ഘടന, ഓഫീസ് മെമ്മോറാണ്ടം, ആദ്യ കമ്മറ്റി മിനുട്സ് തുടങ്ങിയ രേഖകൾ ചോദിച്ച് 2010 ൽ കുടുംബശ്രീയുടെ ആസ്ഥാനത്ത് സമർപ്പിച്ച അപേക്ഷ നിരസിച്ച മിഷന്റെ നടപടി തള്ളിയ കമ്മിഷൻ ഉത്തരവിനെതിരെ കുടുംബശ്രീ ഹൈക്കോടതിയെ സമീപിച്ചിരുന്നു. കമ്മിഷന്റെ ഉത്തരവ് സാധൂകരിച്ച കോടതി നിർദ്ദേശപ്രകാരം കേസ് വീണ്ടും പരിഗണിച്ച കമ്മിഷണർ എ. എ. ഹക്കീം ഹർജി തീർപ്പാക്കിയ വിധിയിലാണ് മുഴുവൻ യൂണിറ്റുകളെയും നിയമത്തിന്റെ പരിധിയിൽ ആക്കി ഉത്തരവായത്.

# ലോക ഹോമിയോപ്പതി ദിനാചരണം

ഹോമിയോപ്പതി വകുപ്പും നാഷണൽ ആയുഷ് മിഷൻ കേരളയും സംയുക്തമായി ലോക ഹോമിയോപ്പതി ദിനാചരണം സംസ്ഥാന തലത്തിൽ സംഘടിപ്പിക്കും.

മെയ് 9ന് തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ ആയുഷ് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ് ഉദ്ഘാടനം ചെയ്യും. നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. ടി. സജിത്ത് ബാബു അധ്യക്ഷതവഹിക്കും.

ഇതിനോട് അനുബന്ധിച്ച് ഹോമിയോപ്പതി മേഖലയിലെ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ’എംപവറിങ് റിസർച്ച് എൻഹാൻസിങ് പ്രൊഫിഷൻസി ’എന്ന പേരിൽ വിദഗ്ധർ പങ്കെടുക്കുന്ന പാനൽ ചർച്ചയും, പേപ്പർ പ്രസന്റേഷനും നടക്കും. വിവിധ മേഖലകളിൽ ഹോമിയോപ്പതിയുടെ പ്രാധാന്യം വിവരിക്കുന്ന ’ഹോമിയോപ്പതി എ കാലിഡോസ്കോപ്പിക് വ്യൂ ’ എന്ന സെഷനും ഹോമിയോപ്പതി ദിനാചരണത്തിന്റെ ഭാഗമാകും. ഹോമിയോപ്പതി വകുപ്പ് നടത്തിവരുന്ന വിവിധ പദ്ധതികളുടെ വിജയഗാഥകളും അവയുടെ അവലോകനവും സംഘടിപ്പിക്കും.

ഹോമിയോപ്പതി വകുപ്പിന്റെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് തയ്യാറാക്കിയ സുവനീറിന്റെ പ്രകാശനവും ചടങ്ങിൽ നിർവഹിക്കും.